## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങേയ്ക്ക് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അവതരിപ്പിക്കാവുന്നതാണ്.

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട്

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാനായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിയ്ക്കുള്ള പ്രമേയങ്ങൾ

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. സാജു പോൾ സീറ്റിലില്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ബില്ലുകൾ പരിഗണനയ്ക്കെടുത്തില്ല)

മി. സ്പീക്കർ: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അങ്ങേയ്ക്ക് 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## (i) 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. റ്റി. ജോർജ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 1988-ലെ 61-ാം ഭരണഘടനാ ഭേദഗതിയിലൂടെ വോട്ടിംഗ് അവകാശത്തിനുള്ള പ്രായപരിധി 18 ആയി നിശ്ചയിച്ചിട്ടുണ്ട്. ഭരണഘടനയ്ക്ക് വിരുദ്ധമായി നഗരസഭകളിലെ വോട്ടിംഗ് പ്രായം 15 ആക്കി നിശ്ചയിക്കേണ്ട അടിയന്തര സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല. അതിനാൽ ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി നോട്ടീസ് നൽകിയ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരള മുനിസിപ്പാലിറ്റി ബില്ലിലെ 76-ാം വകുപ്പ് ഭേദഗതി ചെയ്ത് (എ) ഖണ്ഡത്തിൽ '18' എന്നതിന് പകരം '15' എന്ന വാക്ക് ചേർക്കേണ്ടതാണ് എന്നതാണ് എന്റെ ഭേദഗതി. നമ്മുടെ രാജ്യത്തെ യുവാക്കളുടെ വിവരവും പക്വതയും കൂടിവരുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്.

മി. സ്പീക്കർ: 15-ാം വയസിൽ യുവാവ് ആണോ?

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേന്ദ്ര ഗവൺമെന്റ് യുവജനനയം പുതുക്കി പ്രഖ്യാപിച്ചിട്ടുണ്ട്. മുമ്പ് യുവജന നയത്തിൽ 18-45 വയസ് എന്നായിരുന്നത് ഇപ്പോൾ 13-35 വയസ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. 13-ാം വയസ്സിൽ യുവാവ് എന്ന് പ്രഖ്യാപിക്കുന്ന ഒരു നയം സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് വോട്ടവകാശത്തിനുള്ള പ്രായപരിധി 15 ആക്കാവുന്നതാണ്. ലോകത്തിലെ അര ഡസനിലധികം രാജ്യങ്ങളിൽ വോട്ടവകാശത്തിനുള്ള പ്രായം 18-ൽ താഴെയാണ്. ആന്റിഗ്വയിൽ വോട്ടവകാശ പ്രായപരിധി 14 വയസാണ്. ഓസ്ട്രിയ, ഇക്വഡോർ, നിക്കരാഗ്വേ തുടങ്ങിയ രാജ്യങ്ങളിൽ വോട്ടിംഗ് പ്രായം 16 ആണ്. ലോകത്തിലെ പല രാജ്യങ്ങളും വോട്ടവകാശത്തിനുള്ള പ്രായം 14 വയസും 16 വയസുമാക്കിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് ലോകത്തിലെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തിയായ ഇന്ത്യയ്ക്ക് വോട്ടവകാശത്തിനുള്ള പ്രായം 15 ആക്കി മാറ്റിക്കൂടാ. ലോകത്തിലെ ചില രാജ്യങ്ങൾ ഈ തീരുമാനമെടുത്ത പശ്ചാത്തലത്തിലും യുവജന നയത്തിൽ 13 എന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലും ഇതിൽ മാറ്റം വരുത്താം. ജനാധിപത്യത്തിന്റെയും വോട്ടവകാശത്തിന്റെയും ചരിത്രം നോക്കിയാൽ ആദ്യം പ്രഭുക്കൾക്കുമാത്രമായിരുന്നു വോട്ടവകാശമുണ്ടായിരുന്നത്. പിന്നെ കരം കൊടുക്കുന്നവർക്കും അതിനുശേഷം പുരുഷൻമാർക്കും പിന്നീട് സ്ത്രീകൾക്കും വോട്ട് ചെയ്യാമെന്നായി. വോട്ടിംഗ് പ്രായം 21 എന്നത് 18 ആക്കി മാറ്റിയത് ഇന്ത്യയിലെ ജനാധിപത്യത്തിന് പല മാതൃകകളും സൃഷ്ടിച്ച കേരള നിയമസഭയായിരുന്നു. പഞ്ചായത്ത് തെര

ഞ്ഞെടുപ്പിനുള്ള വോട്ടവകാശത്തിന്റെ പ്രായപരിധി 18 വയസാക്കിയത് രാജീവ് ഗാന്ധി ഇന്ത്യയിലാകെ അംഗീകരിച്ച് നടപ്പിലാക്കി. കേരളത്തിൽ ശ്രീ.എ. കെ ആന്റണിയാണ് വോട്ടിംഗ് പ്രായം 18 വയസാക്കിയത്. പിന്നീട് ഇന്ത്യയിലാകെ വോട്ടവകാശത്തിനുള്ള പ്രായപരിധി 18 വയസാക്കി. അന്ന് ഭരണഘടന ഭേദഗതി ചെയ്തുകൊണ്ടാണ് രാജീവ് ഗാന്ധി വോട്ടവകാശം രാജ്യത്ത് നടപ്പിലാക്കിയത്. ഭരണഘടന നൂറ്റിപതിനേഴ് തവണ ഭേദഗതി ചെയ്തിട്ടുണ്ട്. തിർച്ചയായും ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് ഈ തീരുമാനമെടുക്കാവുന്നതാണ്. ഇത് ജനാധിപത്യത്തെ കുറച്ചുകൂടി കരുത്തുള്ളതാക്കി മാറ്റും. ജനസംഖ്യയിൽ 60%-ലധികം യുവാക്കളാണെന്നതാണ് നമ്മുടെ രാജ്യത്തിന്റെ പ്രത്യേകത. ഇന്ത്യയും ചൈനയും താരതമ്യപ്പെടുത്തി നോക്കിയാൽ ചൈന ഒരു geriatric സൊസൈറ്റിയാണെന്ന് പറയാറുണ്ട്.

ശ്രീ. പാലോട് രവി: സർ, 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ശൈശവ വിവാഹം നിലനിന്നിരുന്നു. പത്ത് വയസായ ആൺകുട്ടിയും ഏഴ് വയസായ പെൺകുട്ടിയും തമ്മിലുള്ള വിവാഹം നമ്മുടെ സംസ്ഥാനത്ത് നിലിനിന്നിരുന്നു. അതിനെതിരായി വലിയ പോരാട്ടം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. അന്ന് നിലനിന്നിരുന്ന ശൈശവ വിവാഹത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഈ വോട്ടവകാശത്തെ ആ വിഷയവുമായി താരതമ്യപ്പെടുത്തുന്നത് ശരിയല്ല.

ശ്രീ. സി. പി. മുഹമ്മദ്: സർ, മുസ്ലീം സമുദായത്തിൽ ഈയടുത്ത കാലംവരെ 12-14 വയസിൽ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചിരുന്നു.

ഇപ്പോൾ ആരും പ്രേരിപ്പിക്കാതെതന്നെ 20-22 വയസിലാണ് വിവാഹം നടക്കുന്നത്. അത് കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റമാണ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ പറഞ്ഞുവരുന്നത് മുമ്പ് വോട്ടവകാശത്തിനുള്ള പ്രായപരിധി 21 വയസിൽനിന്ന് 18 വയസാക്കുമ്പോഴും ഇങ്ങനെ യുവാക്കൾക്കെതിരായി പലരും പ്രതികരിച്ചിട്ടുണ്ട്. ഇന്ത്യയിലെ യുവാക്കളോടുള്ള അസൂയകൊണ്ടാണ് ഇത്തരം വാദഗതികൾ ഉന്നയിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ലോകത്തിലെ പല രാജ്യങ്ങളും വോട്ടവകാശത്തിനുള്ള പ്രായം 14 വയസാക്കിയിട്ടുണ്ട്. നമുക്കത് 15 വയസാക്കാവുന്നതാണ്. നമ്മുടെ ജനാധിപത്യത്തിന് ഇന്ന് ധാരാളം ദൗർബല്യങ്ങളുണ്ട്. പല സംസ്ഥാനങ്ങളിലും വോട്ട് ലഭിക്കുന്നതിന് കാശ് കൊടുക്കുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിന് ഒരു വീട്ടിൽ വോട്ടവകാശമുള്ള 4 പേരുണ്ടെങ്കിൽ 4000 രൂപ കൊടുക്കുന്ന സ്ഥിതിപോലുമുണ്ടെന്ന വാർത്ത നമ്മൾ വായിക്കുന്നുണ്ട്. അഴിമതിക്കെതിരെയും ജനാധിപത്യത്തെ അപമാനിക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെയും നമുക്ക് അണിനിരത്താൻ പറ്റുന്നത് യുവജനങ്ങളെയാണ്. യുവജനങ്ങളുടെ കൈയിലേയ്ക്ക് ഈ ഇരുതല മൂർച്ചയുള്ള വാൾ കൊടുത്താൽ അഴിമതി തടയാൻ സാധിക്കും, നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി ജനാധിപത്യത്തെ കുറെക്കൂടി കരുത്തുള്ളതാക്കി മാറ്റാൻവേണ്ടി യുവജനങ്ങളുടെ സഹായമുണ്ടാകും. അതിനുവേണ്ടി കേരളം നിയമസഭ മുനിസിപ്പൽ നിയമത്തിലെ 76-ാം എ വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വോട്ടിംഗ് പ്രായം 15 വയസാക്കണമെന്നുള്ള എന്റെ

പ്രമേയം ഗവൺമെന്റ് അംഗീകരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

(ചർച്ച തുടരും)

## (ii) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

മി. സ്പീക്കർ: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അങ്ങേയ്ക്ക് 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. റ്റി. ജോർജ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): 1988-ലെ ഭരണഘടനയുടെ 61-ാം ഭേദഗതിയിലൂടെയാണ് വോട്ടിംഗ് അവകാശത്തിനുള്ള പ്രായപരിധി 18 ആയി നിശ്ചയിച്ചിട്ടുള്ളത്. ഭരണഘടനയ്ക്ക് വിരുദ്ധമായി പഞ്ചായത്ത് തിരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് പ്രായം 15-ആക്കി നിശ്ചയിക്കേണ്ട ഒരു സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല. അതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, 1988-ലെ ഭരണഘടനയുടെ 61-ാം ഭേദഗതിയിലൂടെയാണ് വോട്ടിംഗ് പ്രായപരിധി 21 വയസിൽനിന്ന് 18 വയസാക്കി നിശ്ചയിച്ചത്. തീർച്ചയായും ഈ ആശയം ഭരണഘടനാ

ഭേദഗതിയിലൂടെ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും നടപ്പാക്കിക്കൊണ്ട് ഇൻഡ്യയ്ക്ക് പല കാര്യത്തിലും മാതൃക കാണിച്ചിട്ടുള്ളതുപോലെ ഇതിലും മാതൃക കാണിക്കണം. ( ചർച്ച തുടരും)

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. എം. ഹംസ സീറ്റിലില്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ബിൽ പരിഗണനയ്ക്കെടുത്തില്ല)

(iii) **2012-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ**

ശ്രീ. പി. ഉബൈദുള്ള: സർ, 2012-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഈ ബിൽ കേരള സംസ്ഥാന സന്നദ്ധസംഘടനകളും സ്വകാര്യവ്യക്തികളും നടത്തുന്ന ഹോം നഴ്സിംഗ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ഹോം നഴ്സിംഗ് ജോലി ചെയ്യുന്നവരുടെ യോഗ്യതകൾ നിർണ്ണയിക്കുന്നതിനും അവരുടെ സേവന വേതന വ്യവസ്ഥകൾ ആവിഷ്കരിച്ച് നിയമപരമായ പരിരക്ഷ നൽകുന്നതിനുംവേണ്ടി കേരള ഹോം നഴ്സസ് കൗൺസിൽ രൂപീകരിക്കണമെന്ന് പറഞ്ഞുകൊണ്ടുള്ളതാണ്. ഇവിടെ പല പദ്ധതികളും സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്. ആശ്വാസകിരണം, വയോമിത്രം എന്നീ പദ്ധതികളിലൂടെ പ്രതിമാസം ധനസഹായവും നൽകിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രത്യേകിച്ച് ഒരു ഹോം നഴ്സസ് കൗൺസിൽ ആവശ്യമുണ്ടെന്ന് കരുതുന്നില്ല. മുമ്പ് ഒരു നിയമസഭാ സമ്മേളനത്തിൽ മുൻ എം.എൽ.എ ശ്രീ. എം. മുരളി ഈ ബിൽ

കൊണ്ടുവന്നിരുന്നു. അന്ന് ഒരു പാരാമെഡിക്കൽ ബിൽ വരുമെന്ന് പറഞ്ഞാണ് അത് പിൻവലിച്ചത്. പക്ഷേ അതിനുവേണ്ടിയുള്ള നടപടികളൊന്നുമുണ്ടായില്ല. ഈ സാഹചര്യം നിലനിൽക്കാത്തതുകൊണ്ടുതന്നെ മറ്റ് സാമൂഹ്യക്ഷേമ വകുപ്പ്, തൊഴിൽ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിലൂടെ നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്ന സാഹചര്യം നിലവിലുള്ളതുകൊണ്ട് പ്രത്യേക കൗൺസിലിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, കേരള സംസ്ഥാനത്തെ സന്നദ്ധ സംഘടനകളും സ്വകാര്യ വ്യക്തികളും നടത്തുന്ന ഹോം നഴ്സിംഗ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ഹോം നഴ്സിംഗ് ജോലി ചെയ്യുന്നവരുടെ യോഗ്യതകൾ നിർണ്ണയിക്കുന്നതിനും അവരുടെ സേവന വേതന വ്യവസ്ഥകൾ ആവിഷ്കരിച്ച് നിയമപരമായ പരിരക്ഷ നൽകുന്നതിനുംവേണ്ടി കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ രൂപീകരിക്കണമെന്നാണ് ഞാനിതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പ് മന്ത്രി പറഞ്ഞത് സമൂഹ്യനീതി വകുപ്പ് ധാരാളം ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനാൽ ഇങ്ങനെയൊരു ഒരു ഹോം നഴ്സസ് കൗൺസിൽ ബില്ലിന്റെ ആവശ്യമില്ല എന്നാണ്. സൂമൂഹ്യക്ഷേമ വകുപ്പ് എന്ന പേര് മാറ്റി എല്ലാവർക്കും സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനുവേണ്ടിയാണ് സൂമൂഹ്യനീതി വകുപ്പ് എന്നാക്കിയത്. ഇങ്ങനെ അസംഘടിതരായി കഴിയുന്ന ഹോം നഴ്സുമാരെ ഉദ്ദേശിച്ച് ഇത്തരമൊരു പദ്ധതിക്ക് രൂപം നൽകാൻ സൂമൂഹ്യ നീതി വകുപ്പ് മുന്നോട്ടുവരണമെന്നാണ് എനിക്ക് ആദ്യമായി ആവശ്യപ്പെടാനുള്ളത്. ഇന്ന് ഹോം നഴ്സിംഗ് നമ്മുടെ സമൂഹത്തിന്റെ ഒരു അവിഭാജ്യ ഘടകമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഹോം നഴ്സസ് എന്ന വിഭാഗം നേരത്തെയുണ്ടായിരുന്നില്ല. നേരത്തെ കൂട്ടുകുടുംബ വ്യവസ്ഥയായിരുന്നു

നമ്മുടെ സമൂഹത്തിലുണ്ടായിരുന്നത്. ഇന്ന് കൂട്ടുകുടുംബ വ്യവസ്ഥ മാറി അണുകുടുബ വ്യവസ്ഥയായി. ഇന്ന് ആ കൂട്ടുകുടുംബ വ്യവസ്ഥ മാറി അണുകുംടുംബ വ്യവസ്ഥയിലേയ്ക്ക് പോയി. കൂട്ടുകുടുംബ വ്യവസ്ഥ ആയിരുന്നപ്പോൾ പ്രായം ചെന്നവരേയും രോഗികളേയും പരിചരിക്കുന്നതിനും നമ്മുടെ സഹോദരിമാരുടെ പ്രസവം കഴിഞ്ഞാൽ പ്രസാവാനന്തര ശുശ്രൂഷ നടത്തുന്നതിനുമൊക്കെ വീട്ടിൽത്തന്നെ ആളുകളുണ്ടായിരുന്നു. അണുകുംടുംബവ്യവസ്ഥ വന്നപ്പോൾ ഇത്തരം കാര്യങ്ങൾ ചെയ്യാൻ പുറമേ നിന്നും വേതനം നൽകി ആളുകളെ നിയോഗിക്കേണ്ട അവസ്ഥ നമ്മുടെ സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അപ്പോഴാണ് ഹോംനഴ്സിംങ് എന്നത് തൊഴിലായി സമൂഹത്തിൽ വളർന്ന് രൂപപ്പെട്ടത്. ഇവർക്ക് രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് കൃത്യമായ കണക്കറിയാൻ സാധിക്കില്ല. എന്നാൽപ്പോലും പതിനായിരക്കണക്കിനാളുകൾ ഇന്ന് ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നാണ് പൊതുവായ കണക്ക്. രോഗികളുടെ പരിചരണത്തിൽ മാതൃകാപരമായ സേവനമാണ് ഹോം നഴ്സുമാർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഏറെ ശാസ്ത്രീയമായ പരിശീലനം ആവശ്യമായ ഈ മേഖലയിൽ ഇവർക്ക് പരിശീലനം ലഭ്യമാക്കുന്നതിനോ, ഗൈഡൻസ് നൽകുന്നതിനോ സംവിധാനം നിലവിലില്ല. ഹോം നഴ്സുമാർക്ക് ട്രെയിനിംഗ് നൽകുന്നതിന് പരിമിതമായ ശ്രമം ഇപ്പോൾ റെഡ്ക്രോസ് സൊസൈറ്റി മാത്രമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് പ്രത്യേക ഐഡന്റിറ്റി കാർഡോ മറ്റോ ഇല്ലാത്തതുകൊണ്ട് ഇവർ പലതരത്തിൽ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഹോം നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്ന സ്ഥാപനങ്ങൾ കേരളത്തിൽ ഒട്ടേറെയുണ്ട്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഹോം നഴ്സുമാരുടെ കാര്യത്തിൽ നിയന്ത്രണമുണ്ടാകണമെന്ന നിലയിലാണ് അങ്ങിവിടെ സംസാരിക്കുന്നത്. പല സ്ഥലങ്ങളിലും ഹോം നഴ്സുമാരായി എത്തുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിമിനൽ സ്വഭാവമുള്ളവരാണ്. അനംഗീകൃത ഏജൻസികൾ വഴി എത്തിച്ചേരുന്ന ആളുകൾ കൊലപാതകങ്ങളും വൻകൊള്ളയും വരെ കേരളത്തിലെ ചില വീടുകളിൽ നടത്തുകയും അതിന് കൂട്ടുനിൽക്കുകയും ചെയ്യുന്നു. യാതൊരു നിയന്ത്രണവുമില്ലാതെ അനധികൃതമായി എത്തിച്ചേരുന്ന ഇത്തരം ഹോംനഴ്സുമാർ വലിയ വിപത്തുകൾ പല കുടുംബങ്ങളിലും വിതക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സൂചിപ്പിച്ചത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടു തന്നെയാണ് ഹോം നഴ്സിംഗ് ജോലി ചെയ്യുന്നവർക്ക് പരിരക്ഷ നൽകുന്നതിനുവേണ്ടി ഇങ്ങനെയൊരു ബിൽ കൊണ്ടുവരണമെന്ന് ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ ഹോം നഴ്സിംഗ് ജോലി ചെയ്യുന്നവർ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. ഹോംനഴ്സുമാരെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഏജൻസികളുടെ മറവിൽ സ്ത്രീകളെ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നതിനുവേണ്ടി പലരും തയ്യാറാകുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. സഹാനുഭൂതിയും സേവന മനോഭാവവും ഉള്ളവരാണ് ആദ്യകാലത്ത് ഈ തൊഴിൽ സ്വീകരിച്ചുവന്നതെങ്കിൽപ്പോലും ഇപ്പോൾ ആ സ്ഥിതി മാറിയിട്ടുണ്ട്. ജോലിക്ക് നിന്ന വീട്ടിൽ മോഷണം നടത്തി ഹോം നഴ്സുമാർ മുങ്ങുന്നത് ഇന്ന് നിത്യസംഭവമായി മാറിയിട്ടുണ്ട്. വീട്ടമ്മമാർക്ക് മയക്കുമരുന്നു നൽകി

ബോധംകെടുത്തി കവർച്ച നടത്തിയ സംഭവങ്ങൾവരെ നിരവധി ഉണ്ടായിട്ടുണ്ട്. ജോലിയോട് കൂറില്ലാത്തവരും അമിത ലാഭം ആഗ്രഹിക്കുന്ന ഏജൻസികളുമെല്ലാം ഈ സ്ഥിതിവിശേഷത്തിന് കാരണക്കാരാണ്. ഏജൻസികൾ മുഖേന നിയമിക്കപ്പെടുന്നവരാണ് പലപ്പോഴും ഇത്തരം കുറ്റ കൃത്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. സേവന മനോഭാവത്തോടെ വരുന്ന വരും ചൂഷണം ചെയ്യപ്പെടുന്നുവെന്നുള്ളതാണ് മറ്റൊരു പ്രശ്നം. ഇവിടെ മെച്ചപ്പെട്ട ശമ്പളവും മറ്റു സൗകര്യങ്ങളുമൊക്കെ നൽകാമെന്ന് വാഗ്ദാനം നൽകി ദരിദ്രകുടുംബങ്ങളിൽനിന്ന് പെൺകുട്ടികളെ കൊണ്ടുവന്ന് അന്യ സംസ്ഥാനങ്ങളിൽപ്പോലും അയയ്ക്കുന്ന ഒരു സ്ഥിതി നിലവിലുണ്ട്. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത്, അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികളെ ഇങ്ങോട്ട് കൊണ്ടുവരുന്നുവെന്നാണ്. അതുപോലെ അന്യ സംസ്ഥാനങ്ങളിലേയ്ക്ക് പെൺകുട്ടികളെ അയയ്ക്കുന്ന ഏജൻസികളും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ള, അങ്ങ് പ്രമേയം പിൻവലിക്കുന്നുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u> : ഇല്ല. ചർച്ച തുടരുകയാണ്. മറ്റ് പല രംഗ ത്തെയും പോലെ ഈ രംഗത്തും മാഫിയകൾ പിടിമുറുക്കിക്കൊണ്ടിരിക്കുക യാണ്. ഇത്തരം മാഫിയകളുടെ ചൂഷണത്തിൽനിന്ന് ഈ ഹോംനഴ്സുമാരെ മുക്തമാക്കേണ്ടതുണ്ട്. അതിനനുസൃതമായ ബിൽ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്.

(ചർച്ച തുടരും)

(7) <u>2013-ലെ കേരള പാഴ് വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ.</u>

(പ്രമേയാവതരണത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. എം. എ. ബേബി സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(8) 2013-ലെ കേരള സംസ്ഥാന ഉൽപ്പന്ന ഗുണനിലവാരം ഉറപ്പുവരുത്തൽ അതോറിറ്റി രൂപീകരണ ബിൽ

(പ്രമേയാവതരണത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. റ്റി.വി. രാജേഷ് സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(9) 2012-ലെ കേരള അർബുദ രോഗികളുടെയും വൃക്ക, കരൾ രോഗികലുടെയും ആരോഗ്യ പരിപാലന ബിൽ

(പ്രമേയാവതരണത്തിന് നോട്ടീസ് നൽകിയിരുന്ന ശ്രീ. വി. എസ്. സുനിൽകുമാർ സീറ്റിലില്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(X) 2013-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. ഹൈബി ഈഡൻ: 2013-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഈ സഭയിൽത്തന്നെ നേരത്തെ ഒരു ബില്ല് അവതരിപ്പിച്ചിട്ടുണ്ട്. അത് ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കുന്നതിനുള്ള നിയമം. ഇതു കൂടാതെ ഇന്ത്യാ ഗവൺമെന്റും ഒരു ഓർഡിനൻസ് കൊണ്ടുവരികയും അത് റിപ്ലെയ്സ് ചെയ്ത് ആക്ടാവുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ ആക്ടിന

കത്ത് ഇല്ലാത്തതും എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ ചേരുത്തതുമായ ഭാഗങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ടാണ് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ളത്. ഈ ബില്ലിലെ സ്പിരിറ്റ് കൂടി അതിൽ ഉൾക്കൊള്ളിക്കാനുള്ള സാദ്ധ്യതയുണ്ട്. അത് നോക്കി ശ്രീ. ഹൈബി ഈഡൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്ന വകുപ്പുകൾ ചേർക്കാവുന്ന രൂപത്തിൽ ചേർത്തുകൊണ്ട് നിലവിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുള്ള ബില്ലിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടുവരാൻ കഴിയുമെന്നാണ് എന്റെ പ്രതീക്ഷ. ഇപ്പോഴുള്ള സാഹചര്യം മനസ്സിലാക്കി പ്രമേയം പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

2013-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. ഹൈബി ഈഡൻ: സർ, ബഹുമാന്യനായ മന്ത്രി പറഞ്ഞത് പൂർണ്ണമായും അംഗീകരിക്കുന്നു. കാരണം ഈ ബില്ല് അവതരണത്തിനുവേണ്ടി കൊടുത്ത സമയത്ത് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും അങ്ങനെയൊരു കാര്യം തീരുമാനിക്കുകയും ചെയ്തിരുന്നില്ല. കേന്ദ്ര നിയമത്തിലും ഭേദഗതികൾ ഉണ്ടായി. ഇന്ത്യൻ എവിഡൻസ് ആക്ട് ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് 1973, എവിഡൻസ് ആക്ട് 1872 തുടങ്ങിയവയുടെ കേരളത്തിലെ ആപ്ലിക്കേഷൻ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ടാണ് ഇവിടെ പറയപ്പെടുന്നത്. ഇതിൽ Special Fast Track Woman Friendly Court ..... ഇതെല്ലാം ചർച്ച ചെയ്യുന്നത് ഡൽഹി സംഭവത്തിന്റെ പശ്ചാത്തലത്തിലാണ്. ഡൽഹി സംഭവത്തിൽ മാധ്യമങ്ങളിലെല്ലാം വന്ന വാർത്തകളിൽ ഏറ്റവും ശ്രദ്ധേയമായതും....... പലപ്പോഴും ഇത്തരം കേസ്സുകളുടെ പശ്ചാ

ത്തലം പരിശോധിക്കുമ്പോൾ നിയമാനുസൃതമായി പല കേസ്സുകളിലും കൊടുക്കുന്ന ശിക്ഷ പ്രതിക്ക് ലഭിക്കാതെ പോകുന്ന സാഹചര്യമുണ്ടാകാറുണ്ട്. അതുകൊണ്ട് ഈ നിയമങ്ങളും ശിക്ഷകളും വളരെ വേഗത്തിൽ നടപ്പാക്കുന്നതിന് സ്ത്രീകൾക്കുകൂടി സൗഹൃദപരമായിട്ടുള്ള Special Fast Track Woman Friendly Court സ്ഥാപിക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട നിർദ്ദേശം. അതോടൊപ്പം ഡൽഹിയിൽ കണ്ട മറ്റൊരു സംഭവവും ഇൻഡ്യയുടെ പല ഭാഗങ്ങളിൽ കണ്ട സംഭവങ്ങളിലുമെല്ലാം പ്രായം സംബന്ധിച്ച പ്രശ്നങ്ങളുണ്ടായിരുന്നു. പതിനെട്ട് വയസ്സ് പ്രായം ആയിട്ടില്ലെന്നുള്ളതുകൊണ്ട് പലപ്പോഴും പ്രതികൾ രക്ഷപ്പെടുന്നു. അതുകൊണ്ടുതന്നെ അതിലും ഭേദഗതി വരുത്താനുള്ള ചില പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നത്. പലപ്പോഴും ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ബില്ലിന്റെ ഉപയോഗത്തെക്കുറിച്ച് ചർച്ച ചെയ്യാറുണ്ടെങ്കിലും അത് എങ്ങനെയൊക്കെ ദുരുപയോഗം ചെയ്യാമെന്ന് ചർച്ച ചെയ്യാറില്ല. അതുകൂടി ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ സന്തോഷത്തോടെ സ്വീകരിക്കുകയാണ്. അദ്ദേഹം പറഞ്ഞത് സബ്ജക്ട് കമ്മിറ്റിയിൽ ഇതിലെ പ്രധാനപ്പെട്ട പോയിന്റുകൾ കൂടി ഉൾപ്പെടുത്തി അതുകൂടി ഗൗരവപൂർവ്വം പരിഗണിക്കാമെന്നാണ്.

<u>മി. സ്പീക്കർ</u>: സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിക്കാമോ?

<u>ശ്രീ. ഹൈബി ഈഡൻ</u>: ഇല്ല, ചർച്ച നടക്കട്ടെ.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)

2013-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റിയിൽ ഈ ബില്ലിൽ താൽപ്പര്യമുള്ളവർക്ക് തെളിവ് കൊടുക്കുന്നതിന്, പ്രത്യേകിച്ച് വനിതാ അംഗങ്ങൾക്ക് ഒരവസരം കൊടുത്തിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ പ്രധാനപ്പെട്ട നിയമത്തിന്റെ ഈ ഭേദഗതിയെക്കുറിച്ച് ആലോചിക്കുന്നതു കൊണ്ട് അദ്ദേഹത്തെയും സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് ക്ഷണിക്കുകയാണ്. അവിടെ വന്ന് ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്. പരമാവധി ഉൾക്കൊള്ളാവുന്ന രൂപത്തിലുള്ള ഭേദഗതികൾ വരുത്താവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ : അതംഗീകരിക്കാം. ഒരുകാര്യം കൂടി പറയട്ടെ. Section 27 of Code of Criminal Procedure, 1973 -ന്റെ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത് ...... for preventing persons- medically fit to commit rape and below the age of 18 years - who are misusing the benefit of section 27 എന്നതാണ്. ബഹുമാന്യനായ മന്ത്രി പറഞ്ഞ സ്ഥിതിക്ക് ഇത്തരം വകുപ്പുകൾ കൂടി സബ്ജക്ട് കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിച്ച് പരിഗണിക്കണമെന്ന് കൂടി പറഞ്ഞുകൊണ്ട് പ്രമേയം പിൻവലിക്കുന്നു.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ശ്രീ. ഹൈബി ഈഡന്റെ പ്രമേയം പിൻവലിച്ചിരിക്കുന്നു.

(XI) 2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബിൽ

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, അങ്ങേയ്ക്ക് 2013-ലെ കേരളത്തിലെ ഹോട്ടലുകളിലെ തരംതിരിക്കലും വില ഏകീകരണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, 2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം വളരെ നല്ല ഉദ്ദേശ്യത്തോടുകൂടി അവതരിപ്പിക്കുന്ന ഒരു ബില്ലുതന്നെയാണിത്. ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യകത ഗവൺമെന്റിന് വളരെ നേരത്തെതന്നെ ബോദ്ധ്യമാകുകയും അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഹോട്ടലുകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ആഹാര സാധനങ്ങളുടെ വില നിയന്ത്രിക്കുകയും ഏകീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള ഒരു നിയമം ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. അത് ഇപ്പോൾ നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണ്. ഏറ്റവും അനിവാര്യമാണെന്നുള്ളതുകൊണ്ടുതന്നെയാണ് ഇത്തരത്തിലുള്ള ഒരു ബിൽ കൊണ്ടുവരണമെന്നും ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള ഒരു നിയമനിർമ്മാണം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്ന ഒരു സാഹചര്യത്തിൽ മറ്റൊരു ബില്ലിന്റെ ആവശ്യമില്ല. അതുകൊണ്ട് ഇതിന് അവതരണാനുമതി നൽകേണ്ടതുമില്ല.

2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബിൽ

ശ്രീ. പി. കെ. ബഷീർ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളും റസ്റ്റോറന്റുകളും പാചകം ചെയ്ത് വിൽപ്പന നടത്തുന്ന ഭക്ഷണപദാർത്ഥങ്ങളുടെ വിലയുടെ കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ല. അതുപോലെതന്നെ ഗുണമേന്മയുമില്ല. ഇവർക്ക് തോന്നിയ വില ഈടാക്കുന്ന ഒരു സമ്പ്രദായമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. കാസർകോഡ് മുതൽ പാറശ്ശാല വരെയുള്ള സ്ഥലങ്ങളിൽ ഓരോ സ്ഥലത്തും തോന്നുന്ന വിലയാണ്. ഉദാഹരണത്തിന് ട്രെയിനിൽ യാത്ര ചെയ്യുകയാണെങ്കിൽ റെയിൽവേ നിഷ്കർഷിച്ചിരിക്കുന്ന വിലയുണ്ട്, 200 മില്ലി ലിറ്റർ ചായയ്ക്ക് വില ഇത്ര രൂപ, അല്ലെങ്കിൽ കോഫിക്ക് ഇത്രരൂപ വില, ദോശയ്ക്ക് ഇത്ര രൂപ, വടയ്ക്ക് ഇത്ര രൂപ. നേരെ മറിച്ച് നമ്മുടെ നാട്ടിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ചെറിയ ഹോട്ടലുകളാണെങ്കിലും വലിയ ഹോട്ടലുകളാണെങ്കിലും എയർ കണ്ടീഷണർ ഉണ്ടെന്നപേരിൽ മൂന്നിരട്ടി വില ഈടാക്കുന്നു. ഉദാഹരണത്തിന്, സാധാരണ ഹോട്ടലിൽ ഒരു ബിരിയാണിക്ക് 90 രൂപയോ 110 രൂപയോ ആണ് വിലയെങ്കിൽ എയർ കണ്ടീഷണർ ഉള്ള ഹോട്ടലാണെങ്കിൽ 300 രൂപ വരെ ഈടാക്കുന്നു. ഒരു ഫ്രൈഡ് റൈസിന് 75 രൂപ അല്ലെങ്കിൽ 90 രൂപയാണ് ചാർജ്ജെങ്കിൽ വലിയ ഹോട്ടലിൽ പോകുമ്പോൾ അത് 450 രൂപ ആകുന്നു. അങ്ങനെ ഓരോ സ്ഥലത്തും തോന്നിയ വിലയാണ്. സാധാരണ തട്ടുകടയിൽ നല്ല ചായ കിട്ടുകയാണെങ്കിൽ ആ ചായയ്ക്ക് 3 രൂപയോ 4 രൂപയോ കൊടുക്കിന്നിടത്ത് മറ്റു

ള്ളിടത്തുവന്നാൽ 8 രൂപയോ 10 രൂപയോ അല്ലെങ്കിൽ 20 രൂപയോ 45 രൂപയോ ആണ്. ഹോട്ടലുകളെ തരംതിരിക്കണമെന്ന് പറയുന്നത് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുവേണ്ടിയാണ്. ചാലയിൽ മീൻ മാത്രം നൽകുന്ന നല്ല ഹോട്ടലുണ്ട്. കേത്തൻസ് കോഴിക്കടയുണ്ട്. കോഴിക്കോടും ഇതുപോലുള്ള നല്ല ഹോട്ടലുകളിലൊക്കെ വിലയ്ക്ക് ഒരു നിലവാരമുണ്ട്. നേരെമറിച്ച് ഗുണനിലവാരമില്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ കൊടുക്കുന്ന സ്ഥലങ്ങളിലുള്ള വില ഏറ്റവും കൂടുതലാണ്.

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ അടുത്ത ദിവസം ഒരു പത്രവാർത്ത കണ്ടു. നമ്മുടെ രാജ്യത്ത് ഏത് ഭക്ഷ്യ സാധനങ്ങളുടെ വില കൂട്ടണമെങ്കിലും ഗവൺമെന്റിന്റെ അനുവാദം വേണം. അത് മറികടക്കുന്നതിനുവേണ്ടി കടയുടമകൾ ദോശയുടെയും മറ്റ് ഭക്ഷ്യ സാധനങ്ങളുടെയും സൈസ് കുറച്ചു. ആ കടകളൊക്കെ പരിശോധിച്ച് ക്ലോസ്സ് ചെയ്തു. വില കൂട്ടാൻ സമ്മതിക്കാത്തതിനാൽ വടയുടെയും ദോശയുടെയുമൊക്കെ സൈസ് കുറച്ചു. അന്നുതന്നെ മിന്നൽ പരിശോധന നടത്തി ആ കടകൾ അടപ്പിക്കുകയാണ്. ഇവിടെ വില കൂട്ടാം, സൈസ് കുറയ്ക്കാം ആ ഒരു സംവിധാനമാണ് കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും നിലനിൽക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ അങ്ങയുടെ ബില്ലിന് കഴിയുമോ?

ശ്രീ. പി. കെ. ബഷീർ: സർ, അതും ഉദ്ദേശിച്ചുകൊണ്ടുതന്നെയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കാരണം, കേരളത്തിലെ പല ഹോട്ടലുകളിലും ഓരോ തരമാണ്, ചില ഹോട്ടലുകളിൽ പഴകിയതും ഗുണമേന്മയില്ലാത്തതുമായ സാധനങ്ങളാണ് വിൽക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഇവിടത്തെ കോഫി ഹൗസുക ളിലും എം.എൽ.എ. ഹോസ്റ്റലുമായി ബന്ധപ്പെട്ട് നടത്തുന്ന സ്ഥാപനങ്ങളിലും നിയമസഭാ സാമാജികർക്ക് ലഭിക്കുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരത്തെ ക്കുറിച്ച് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, ഒരു ഗുണനിലവാരവും ആ ഭക്ഷണ പദാർത്ഥങ്ങൾക്കില്ല. സഹികെട്ട് കഴിക്കുന്നുവെന്ന് മാത്രം. നിർബന്ധിതാവ സ്ഥയിൽ കഴിക്കുന്നുവെന്നേയുള്ളൂ. അല്ലാതെ ഇവിടെ നിന്ന് എങ്ങോട്ടും പോകാൻ സാധിക്കുകയില്ലല്ലോ. ബഹുമാനപ്പെട്ട ചെയർ ആ കാര്യത്തിൽ കർശനമായ നിർദ്ദേശം കൊടുക്കണം, ഹൗസ് കമ്മിറ്റിയും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. നമ്മുടെ രാജ്യത്ത് എന്തെല്ലാം നിയമമുണ്ട്. അതെല്ലാം ഭംഗിയായി നടന്നിരുന്നുവെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, എം.എൽ.എ. ഹോസ്റ്റലിലെ എം. എൽ.എ.മാരുടെ ഇത്തരത്തിലുള്ള കാര്യങ്ങൾ നോക്കുന്നതിനാണ് ഹൗസ് കമ്മിറ്റിയുള്ളത്. ഇത്തരം കാര്യങ്ങൾ ഹൗസ് കമ്മിറ്റിയിൽ ചർച്ചചെയ്ത് ആവശ്യമായ എന്ത് മാറ്റങ്ങൾ വരുത്താനും നമുക്ക് അവകാശമുണ്ട്. അതു കൊണ്ട് എം.എൽ.എ. ഹോസ്റ്റലിലെ ഇത്തരം കാര്യങ്ങൾ നമുക്ക് വിട്ടുകൂടേ?

മി. സ്പീക്കർ: യെസ്.. യെസ്. ശ്രീ. പി. കെ. ബഷീർ പറഞ്ഞ കാര്യ ങ്ങളൊക്കെ ശ്രദ്ധിക്കാം. പക്ഷെ, ഈ കോഫി ഹൗസുകളെല്ലാം വർഷങ്ങ ളായി രാജ്യത്തെ സംഘടിത തൊഴിലാളി വർഗ്ഗം നടത്തുന്ന ഇൻഡ്യൻ കോഫീ ഹൗസ് കമ്മിറ്റിയാണെന്നുള്ളത് ഒരു ഓർമ്മയ്ക്കുവേണ്ടി പറയു കയാണ്. വിലകൂടുതൽ അല്ലെങ്കിൽ ഭക്ഷണത്തിന്റെ തൂക്കക്കുറവ് എന്നു പറഞ്ഞതൊക്കെ ശരിയാണ്. അത് എം.എൽ.എ.മാരുടെ മാത്രം കാര്യമായി ചർച്ചയിലൊതുക്കേണ്ട. ഇവിടെ നിയമ നിർമ്മാണമില്ലേ. സംസാരിക്കൂ..

ശ്രീ. പി. കെ. ബഷീർ: സർ, ഞാനൊരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. വില മാത്രമല്ല പ്രശ്നം. ഭക്ഷണം കഴിക്കുമ്പോൾ അതിന് രുചിയുമുണ്ടാകണമല്ലോ. രുചികരമായ ഭക്ഷണം കഴിക്കുകയെന്നുള്ളതാണ് നമ്മുടെയെല്ലവരുടെയും ആഗ്രഹം. രുചികരമായ ഭക്ഷണം തരുമ്പോൾ അതിനനുസരിച്ചുള്ള വില ഈടാക്കുന്നതിൽ കുഴപ്പമില്ല. നല്ല ഭക്ഷണത്തിന് നല്ല വില ഈടാക്കുന്നതിൽ ആർക്കും മോശം അഭിപ്രായമുണ്ടാകുമെന്ന് തോന്നുന്നില്ല. ഞാൻ കോഫി ഹൗസിനെ മാത്രമല്ല പറഞ്ഞത്. നമ്മുടെ എം. എൽ.എ. ഹോസ്റ്റലിൽ നിന്നും പുറത്തു നിന്നും കിട്ടുന്നതിനേക്കാൾ നല്ല ഭക്ഷണമാണ് തട്ടുകടകളിൽ നിന്ന് ലഭിക്കുന്നത്. കാരണം അവിടെ ലൈവായിട്ടാണ് ഭക്ഷണം കൊടുക്കുന്നത്.

മി. സ്പീക്കർ: യെസ്.. യെസ്.. 5 മിനിട്ടായി... ശ്രീ. പി. കെ. ബഷീർ ഇത് തുടരുന്നുണ്ടോ അതോ....

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ തുടരുന്നുണ്ട്. ബഹുമാന്യനായ മന്ത്രി ഈ ബില്ലിന്റെ സിപിരിറ്റ് ഉൾക്കൊള്ളണം. ഞാൻ ഇത് തുടരുന്നുണ്ട്.

(ചർച്ച തുടരും)

2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബിൽ

മി. സ്പീക്കർ: ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങേയ്ക്ക് 2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഞാൻ 2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് മാലിന്യം തന്നെയാണ്. അതിൽ സംശയമില്ല. മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാത്തതിനാൽ പരിസ്ഥിതിക്കും മനുഷ്യ സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിലും നിരവധി പ്രശ്നങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇക്കഴിഞ്ഞ 2013 ജനുവരിയിൽ 21700 ലെജി./11/നിയമം മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിൽ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ മുന്നോട്ട് വയ്ക്കുന്നുണ്ട്. അതേസമയം, പഞ്ചായത്തുകൾ 2013-ലെ 221-ാം നമ്പർ ബിൽ പ്രകാരം മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ മുന്നോട്ട് വച്ചിട്ടുണ്ട്. താമസിയാതെ അത് ആക്ടായി മാറും. ഈ സാഹചര്യത്തിൽ ഇത്തരമൊരു ബില്ലിന് ഇപ്പോൾ പ്രസക്തിയില്ല. ബഹുമാനപ്പെട്ട ശ്രീ. റ്റി. എൻ. പ്രതാപന്റെ ഉദ്ദേശ്യശുദ്ധിയെ മാനിക്കുന്നു. പക്ഷെ ഇപ്പോൾ ഈ ബില്ലിന് പ്രസക്തിയില്ല. അതുകൊണ്ട് അദ്ദേഹം നോട്ടീസ് നൽകിയ 2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബിൽ നിരാകരിക്കാവുന്നതാണ്.

(XVI) 2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബിൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇത് വളരെ ഖേദകരമാണ്. വർത്ത മാനകാല കേരളം ചർച്ചചെയ്യപ്പെടുന്ന പ്രധാനപ്പെട്ട പ്രശ്നം മാലിന്യമാണ്. പനിയുടെയും പനിമരണങ്ങളുടെയുമൊക്കെ മൂലകാരണമെന്താണ്? അങ്ങേ യ്ക്കറിയാമല്ലോ, എല്ലാത്തിന്റെയും മൂലകാരണമെന്ന് പറയുന്നത് കേരള ത്തിലെ മാലിന്യം തന്നെയാണ്. നമ്മളൊരു പരിഷ്കൃത സമൂഹത്തിന്റെ ഭാഗ മാണ്. സാക്ഷരതയിലും ആരോഗ്യ സംരക്ഷണത്തിലും വിദ്യാഭ്യാസത്തിലു മൊക്കെ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം. ഒരു കാലഘട്ടത്തിലു ണ്ടായിരുന്ന, നിർമാർജ്ജനം ചെയ്തുവെന്ന് നാം വിശ്വസിച്ചിരുന്ന പല രോഗ ങ്ങളും രോഗാണുക്കളും നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. ഇങ്ങനെ കടന്നുവരുന്നതിന്റെയൊക്കെ അടിസ്ഥാനപരമായ കാരണമെന്നുപറയുന്നത് മാലിന്യമാണ്. കേരളം പണ്ട് അങ്ങനെയായിരുന്നില്ല. നമ്മൾ എല്ലാ ദിവസവും കുളിക്കുന്നവരും വസ്ത്രം മാറുന്നവരും വീടും പരിസരവും വളരെ ശുചിയായി സൂക്ഷിക്കുന്നവരുമാണ്. .......(തടസ്സം)...... ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞതാണ് ശരി. ഇതൊക്കെ ചെയ്യുന്ന നമ്മുടെ മനസ്സ് ശരിയല്ല. നമ്മുടെ മൈൻഡ് സെറ്റ് മാറുന്നില്ല.

മി. സ്പീക്കർ: ഫിഷറീസ് വകുപ്പുമന്ത്രി പറഞ്ഞത് അടുത്തിരുന്ന നിങ്ങൾ മാത്രമേ കേട്ടുള്ളൂ. സഭയിലെ വേറെയാരും കേട്ടില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: നമ്മുടെ മനസ്സുമാറിയാൽ മാത്രമേ ഈ മാലി ന്യത്തിൽനിന്ന് മുക്തി നേടുകയുള്ളൂ. അവനവന്റെ കയ്യിലുള്ള ഏതു മാലിന ്യവും അന്യന്റെ സ്ഥലത്തേയ്ക്ക് കൊണ്ടുപോയി നിക്ഷേപിക്കുക എന്നുള്ളത് ഒരു ഫാഷനായി സ്വീകരിച്ചിരിക്കുകയാണ്. പണ്ട് അതായിരുന്നില്ല സ്ഥിതി. പണ്ട് മതിലുകളില്ലാത്തതും ഗേറ്റുകളില്ലാത്തതുമായിരുന്നു നമ്മുടെ

വീട്ടുമുറ്റം. അതുപോലെ നമ്മുടെ മനസ്സിനും മതിലുണ്ടായിരുന്നില്ല. നമ്മുടെ മനസ്സിന് കിളിവാതിലും ജനലുമുണ്ടായിരുന്നില്ല. മനസ്സിനകത്ത് മതിലുകെട്ടി ഗേറ്റുവച്ച് ഗോദറേജിന്റെ പൂട്ടിട്ടു പൂട്ടിയതുപോലെ മാറുകയാണ് നമ്മുടെ ഇന്നത്തെ ശുചിത്വസംസ്കാരം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങയുടെ മനസ്സിൽ മതിലും ഗേറ്റുമൊക്കെ ഉണ്ടോ? അങ്ങ് പറയുമ്പോൾ പലപ്പോഴും വളരെ വിശാല മായി പറയാറുണ്ട്. എന്നാലും അങ്ങയുടെ മനസ്സിൽപ്പോലും മതിലും വലിയ ഗേറ്റുമുള്ളതായി തോന്നുന്നു. അത് ശരിയാണോ?

ശ്രീ. ടി.എൻ. പ്രതാപൻ: സർ, ഒരിക്കലുമില്ല. എന്റെ മനസ്സിൽ മതിലു ണ്ടെങ്കിൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് പറയാൻ കഴിയില്ല. മനസ്സിനകത്ത് മതിലുകെട്ടിയവർക്കുമാത്രമേ സങ്കുചിതമായ ചിന്തിയിൽ നിൽക്കാൻ കഴിയു കയുള്ളൂ. സ്വന്തം രാഷ്ട്രീയത്തിൽ വിശ്വാസിക്കുന്നവനുപോലും അതിനപ്പുറ ത്താണ് ലോകമെന്നു കരുതണമെങ്കിൽ മതിലില്ലാതെ നിന്നാൽ മാത്രമേ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ നിരാകരിച്ചതിന്റെ കാരണം മനസ്സിലാകുന്നില്ല. എന്നാൽ ഗവൺമെന്റ് ഒരു നിയമം കൊണ്ടുവര ണം. തിരുവനന്തപുരം നഗരമുൾപ്പെടെയുള്ള മുഴുവൻ നഗരങ്ങളിലും ഗ്രാമ ങ്ങളിലും മാലിന്യം കുന്നുകൂടുന്നു. നാം എന്തുചെയ്യുന്നു. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവന്റെ പേരിൽ എന്ത് നടപടി സ്വീകരിക്കുന്നു. ഇതി നാവശ്യമായ നിയമമുണ്ടോ; ആ നിയമം നടപ്പിലാക്കപ്പെടുന്നുണ്ടോ? കാല വർഷം വരുന്നതിനുമുമ്പു മുൻകരുതലായി സ്വീകരിക്കേണ്ടിയിരുന്ന നട പടികൾ സ്വീകരിക്കാതെ കേരളം ഈ നിലയിൽ പോകുകയാണെങ്കിൽ ഇതെവിടെച്ചെന്ന് അവസാനിക്കും.

ശ്രീ. ഹൈബി ഈഡൻ: സർ, ബ്രഹ്മപുരത്തുനടന്ന ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പ്ലാസ്റ്റിക് മാലിന്യം മുഴുവൻ കത്തിപ്പോകുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. മഞ്ഞളാംകുഴി അലിയും പറയുന്നത് നമുക്കൊരു സക്സസ്സ്ഫുൾ മോഡൽ ഇല്ല എന്നാണ്. ലോകത്ത് പല രാജ്യങ്ങളിലും പ്ലാസ്റ്റിക് ക്രിയാത്മകമായി സംസ്കരിക്കാനും അത് പെട്രോളും ഡീസലുമൊക്കെയാക്കി മാറ്റാനുമുള്ള ടെക്നോളജിയും ഉണ്ട്. പക്ഷെ പലപ്പോഴും ബയോ ഡീഗ്രെയ്ഡബിളും നോൺ ബയോ ഡീഗ്രെയ്ഡബിളുമായി ഇത് വേർതിരിക്കുമ്പോൾ പ്ലാസ്റ്റിക് മാലിന്യം ഉൾക്കൊള്ളാൻ ഇപ്പോഴും നമുക്ക് സാധിച്ചിട്ടില്ല. ബഹുമാന്യനായ അംഗത്തിന്റെ ഈ നിർദ്ദേശത്തിൽ പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടുത്തുന്ന കാര്യമുണ്ടോ?

ശ്രീ. റ്റി.എൻ. പ്രതാപൻ: ഞാൻ എന്റെ ഈ ബില്ലിൽ വളരെ പ്രധാനമായും പറയുന്നത് നിലവിലുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതുമായി ബന്ധപ്പെട്ടതുതന്നെയാണ്. ഖരദ്രവ്യ മാലിന്യങ്ങൾ തരംതിരിക്കുക, അതിനാവശ്യമായൊരു മാനേജ്മെന്റ് സിസ്റ്റമുണ്ടാക്കുക, ഒപ്പം ജനങ്ങളിൽ അവബോധമുണ്ടാക്കുക, ശുചിത്വസംവിധാനം ഏറ്റവും കാര്യക്ഷമമാക്കുക, പൊതുജനങ്ങളെ ഇതിലേയ്ക്ക് കൂട്ടികൊണ്ടുവരിക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും മറ്റു വകുപ്പുകളേയും ഈ പദ്ധതിയോടൊപ്പം സഹകരിപ്പിച്ചുകൊണ്ടുപോയി നേതൃത്വപരമായി മുന്നിൽ നിറുത്തുക, ഇത്തരത്തിലാവശ്യമായ ഒരു നിയമനിർമ്മാണംതന്നെ നടത്തി പൊതുജനങ്ങളിൽ കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കുന്നതിനുവേണ്ടി.......... ഇന്ത്യക്കു വെളിയിൽ പോയിട്ടുള്ളവരാണ് നമ്മളിൽ പലരും. ഏത് രാജ്യത്തുപോയാലും നമ്മുടെ കയ്യിലുള്ള ഒരു വേസ്റ്റ് പേപ്പർ റോഡിലിട്ടാൽപോലും നമ്മുടെ പേരിൽ ആക്ഷൻ വരും. കമ്മ്യൂണിസ്റ്റ്

രാജ്യമായ ചൈന തുടങ്ങി ഈ ലോകത്തിലെ മുതലാളിത്ത രാജ്യങ്ങളിലും അറേബ്യൻ രാജ്യമുൾപ്പെടെയുള്ള രാജാധികാര രാജ്യങ്ങളിലുമൊക്കെ നമ്മൾ ചെന്നാൽ നമ്മുടെ കയ്യിലൊരു വേസ്റ്റുണ്ടെങ്കിൽ ആ വേസ്റ്റ് ഒരു സ്ഥലത്തും ഇടാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ അവിടെ അങ്ങനെയൊരു നിയമമുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലിയെന്ന മന്ത്രി വിദേശത്ത് സ്ഥിരമായി പോയി ജോലിചെയ്ത് അവിടത്തെ റസിഡൻഷ്യൽ വിസ ഉണ്ടായിരുന്ന ആളാണ്. ഇപ്പോഴുണ്ടോയെന്നറിയില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി കുറച്ചുകൂടി പോസിറ്റീവാകണം. ഈ ബിൽ നിരാകരിക്കാൻ പാടില്ല. ഈ ബിൽ കേരള നിയമസഭയിൽ ചർച്ച ചെയ്യപ്പെടണം. ചർച്ചചെയ്ത് ഒരു പോസീറ്റീവ് ഡിസിഷനുണ്ടാകണം. അതിനുവേണ്ടി ഈ ബിൽ കണ്ടിന്യൂ ചെയ്യണം.

മി. സ്പീക്കർ: ശ്രീ. റ്റി.എൻ. പ്രതാപൻ അങ്ങ് ചർച്ച തുടരുന്നുണ്ടോ? ഇത് തുടരുന്നുണ്ടോ അതോ....

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഞാൻ തുടരുന്നുണ്ട്.

(ചർച്ച തുടരും)

## (xvii) 2012-ലെ കേരള ഉൾനാടൻ ജല-ജലവിഭവ പരിസ്ഥിതി സംരക്ഷണ ബിൽ

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, 2012-ലെ കേരള ഉൾനാടൻ ജല-വിഭവ പരിസ്ഥിത സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ.റ്റി. ജോർജ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരള സംസ്ഥാന ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, മാനേജുമെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ചൂഷണം, ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കും സാമൂഹ്യ ഫിഷറികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും അക്വാകൾച്ചർ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും പരമ്പരാഗത അവകാശങ്ങൾ ഉറപ്പാക്കുന്നതിനും കേരള നിയമസഭ 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ട് 2010 സെപ്തംബർ മാസം 8-ാം തീയതി പ്രാബല്യത്തിൽ വരികയും ചെയ്തു. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞ മിക്കവാറും കാര്യങ്ങളെല്ലാം ഈ ബില്ലിന്റെ പരിധിയിൽ വരുന്നുണ്ട്. ശ്രീ. റ്റി. എൻ. പ്രതാപൻ വളരെ ആത്മാർത്ഥമായിട്ടാണ് മാലിന്യസംസ്കരണവും കായൽ നദീ സംരക്ഷണംവുമൊക്കെ നന്നാക്കാൻ ശ്രമിക്കുന്നത്. ഏതായാലും ശ്രീ. റ്റി. എൻ. പ്രതാപന്റെ ആത്മാർത്ഥത ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. പക്ഷെ തല്ക്കാലം ഈ ബില്ലിന്റെ ആവശ്യമില്ല എന്നാണ് ഗവൺമെന്റ് കരുതുന്നത്. ഏതായാലും അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾ പോസീറ്റാവി ഗവൺമെന്റ് പരിശോധിക്കും. നിലവിലുള്ള നിയമത്തിൽ ഇല്ലാത്ത കാര്യങ്ങൾ ഈ ബില്ലിൽ നിന്ന് ഉൾക്കൊണ്ടുകൊണ്ട് മാറ്റം ആവശ്യമാണോയെന്ന് പിന്നീട് പരിശോധിക്കുന്നതാണ്. തല്ക്കാലം ഈ ബില്ലിന്റെ ആവശ്യമില്ല.

## (xvii) 2012-ലെ കേരള ഉൾനാടൻ ജല-ജലവിഭവ പരിസ്ഥിതി സംരക്ഷണ ബിൽ

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കാര്യത്തിൽ ഒരു പോസിറ്റീവ് ആറ്റിറ്റ്യൂഡുണ്ട്. ആ പോസിറ്റീവ് ആറ്റിറ്റ്യൂഡിനെ നമുക്ക് അംഗീകരിക്കാം. നിലവിലുള്ള നമ്മുടെ ബില്ലിലും നിയമത്തിലും അതിന്റെ റൂൾസിലുമൊക്കെ ഒരുപാട് അപാകമുള്ളതുകൊണ്ടാണ് ഉൾനാടൻ ജല-വിഭവ പരിസ്ഥിതി പൂർണ്ണമായും സംരക്ഷണം നടക്കാതിരിക്കുന്നത്. അതിന് ഞാനൊരു ഉദാഹരണം പറയാം. ചാലക്കുടിപ്പുഴ നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. ചാലക്കുടിപ്പുഴയുടെ തൊട്ടടുത്തുള്ള നിറ്റാ ജലാറ്റിൻ കമ്പനി എന്നുപറയുന്ന മൃഗങ്ങളുടെ എല്ലുകൊണ്ടുവന്ന് സംസ്കരിക്കുന്ന ഒരു വ്യവസായ ശാലയിൽ നിന്നും വിഷലിപ്തമായ മലിനജലം ചാലക്കുടിപ്പുഴയിലേക്കൊഴുക്കി കോടിക്കണക്കിനുവരുന്ന മത്സ്യങ്ങൾ ചത്തൊടുങ്ങുകയുണ്ടായി. കരിമീൻ, വാള, ചെമ്മീൻ തുടങ്ങിയ പ്രധാനപ്പെട്ട ചെറുതും വലുതുമായ മത്സ്യങ്ങൾ ചത്തുപൊങ്ങി. അതുമാത്രമല്ല, ചാലക്കുടിപ്പുഴയിൽ നിന്നാണ് എറണാകുളം ജില്ലയിലെ ആലുവ, പറവൂർ, അങ്കമാലി തുടങ്ങിയ പ്രദേശത്തേയ്ക്കുള്ള ശുദ്ധജലം എടുക്കുന്ന പദ്ധതികളുള്ളത്. കൊടുങ്ങല്ലൂരിൽ ഞാനുൾപ്പെടെയുള്ള ആളുകൾ കുടിക്കുന്ന വെള്ളം ഈ ചാലക്കുടിപ്പുഴയിൽനിന്നും ശുദ്ധീകരിച്ചെടുക്കുന്ന വെള്ളമാണ്. ഈ വെള്ളത്തിൽ മുഴുവൻ രാസകീടനാശിനിയും വിഷലിപ്തമായ മലിനജലവും കലങ്ങിയതിന്റെ ഭാഗമായിട്ടാണ് മത്സ്യങ്ങൾപോലും ചത്തുപൊങ്ങിയത്. അവിടെയുണ്ടായിരുന്ന ചെടികൾ പോലും കരിഞ്ഞുപോയി. ഇതിനൊരു നടപടിയെടുക്കാൻ മാർഗ്ഗമുണ്ടായില്ല. നമുക്ക് മലിനീകരണ നിയന്ത്രണ ബോർഡുണ്ട്. അതിൽ പൂർണ്ണമായും അഴിമതിയിൽ മുങ്ങിക്കുളിച്ച

ഉദ്യോഗസ്ഥരാണുള്ളത്. അവർക്ക് പുഴയെക്കുറിച്ചോ ഇതിനകത്തടങ്ങിയിരിക്കുന്ന വിഭവങ്ങളെക്കുറിച്ചോ യാതൊരു ചിന്തയുമില്ല. അത് സംരക്ഷിക്കണമെന്നുമില്ല. എവിടെനിന്ന് കപ്പം കിട്ടും എന്നതുമാത്രമാണ് മലിനീകരണ നിയന്ത്രണ ബോർഡിലെ നല്ലൊരുവിഭാഗം ഉദ്യോഗസ്ഥരുടേയും നോട്ടം. നമ്മുടെ പെരിയാറിന്റെയും പമ്പയുടെയും സ്ഥിതി ഇതൊക്കെത്തന്നെയാണ്. ഇന്ന് രാവിലെ ശ്രീ. ശിവദാസൻ നായർ കൊണ്ടുവന്ന വള്ളംകളിയുമായി ബന്ധപ്പെട്ടതാണെങ്കിലും പമ്പയിലെ സ്ഥിതിയും മറ്റൊന്നല്ല. ഇതുതന്നെയാണ് കേരളത്തിലെ പ്രധാനപ്പെട്ട 44 നദികളിലേയും സ്ഥിതി. ഉൾനാടൻ ജലാശയങ്ങളിലേയും സ്ഥിതി ഇതുതന്നെ യാണ്. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്ന നമ്മുടെ ഉൾനാടൻ ജലാശയങ്ങളെ സംരക്ഷിക്കാൻ, അതിലെ ജലവിഭവങ്ങളെ സംരക്ഷിക്കാൻ നിലവിലുള്ള നിയമം അപര്യാപ്തമാണെന്നുള്ളതുകൊണ്ടാണ് ആ നിയമത്തെ കുറിച്ച് നന്നായി വായിച്ചറിഞ്ഞശേഷം ഇത്തരത്തിലൊരു ബിൽ തയ്യാറാക്കാൻ ഞാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട മന്ത്രി വളരെ താല്പര്യത്തോടുകൂടി ഇതിലൊരു സമീപനം സ്വീകരിച്ചത് നല്ലകാര്യം. ഈ ബില്ലിലെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളണം. ഈ ബില്ലിനെ മുഖവിലയ്ക്കെടുത്തുകൊണ്ട് ആവശ്യമായ മാറ്റംവരുത്തണം. അല്ലെങ്കിൽ കേരളം നശിക്കും. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഉൾനാടൻ ജലാശയ സമ്പത്ത് ഇന്നും ഉപയോഗിക്കാത്ത സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ബംഗാളിലും ആന്ധ്രയിലും പോയാൽ നമ്മൾ ഞെട്ടിപ്പോകും. ബംഗാളും ആന്ധ്രയും ഉൾനാടൻ ജലാശയങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് തൊഴില

വസരങ്ങൾ ഉണ്ടാക്കുകയും അതിൽ നിന്നുള്ള മത്സ്യോത്പന്നങ്ങളും അനുബന്ധ ഉത്പന്നങ്ങളുമുണ്ടാക്കുന്നതിനെ കേരളം മാതൃകയായി കാണേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി, അന്യസംസ്ഥാനങ്ങളിൽ ഉൾനാടൻ പ്രദേശങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സമീപനങ്ങൾ എങ്ങനെയാണോ മനുഷ്യജീവിതവുമായി കൂടുതൽ ബന്ധപ്പെടുത്തിയത് എന്നതിനെ സംബന്ധിച്ച് പഠിക്കാൻ വേണ്ടി ഒരു സമിതിയെ എങ്കിലും നിയമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഈ ഉൾനാടൻ പ്രദേശങ്ങളിൽ വലിയ റിസോർട്ടുകളും ഹൗസ് ബോട്ടുകളും പുറംതള്ളുന്ന മാലിന്യത്തെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഞാൻ ഈ ബില്ലിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. നമ്മുടെ ഏറ്റവും വലിയ അപകടമെന്താണ്? ഹൗസ് ബോട്ടുകൾക്ക് യാതൊരു നിയന്ത്രണവുമില്ല. ഹൗസ് ബോട്ടിൽ നിന്നും മനുഷ്യവിസർജ്ജ്യങ്ങളുൾപ്പെടെയുള്ളവ പുഴയിൽ കൊണ്ടുപോയിട്ട് നമ്മുടെ പ്രധാനപ്പെട്ട നദികളെയെല്ലാം മലിനമാക്കുകയാണ്. അവിടെ മത്സ്യങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. മത്സ്യങ്ങളുടേയും കക്കകളുടേയും പ്രജനനം പോലും നടക്കാത്ത രീതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ഒരു നിയന്ത്രണങ്ങളുമില്ലാതെ എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് കേരളത്തിൽ ടൂറിസ്റ്റ് സ്ഥാപനങ്ങൾക്ക് കടന്നുവരാവുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഉൾനാടൻ ജലാശയങ്ങൾ ടൂറിസത്തിന്റെ പേരിൽ ഇല്ലാതാക്കുന്ന പ്രവണതയ്ക്ക് തടയിടാൻ പ്രത്യേകം ശ്രദ്ധിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞ ഹൗസ് ബോട്ടുകളുടെ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ ഇൻലാന്റ് വെസ്സൽ റൂൾസിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഉടനെതന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഉൾനാടൻ ജലാശയങ്ങളിലുള്ള സമ്പത്തിനെക്കുറിച്ചും പ്രകൃതി സമ്പത്തിനെക്കുറിച്ചുമെല്ലാമാണ് അങ്ങ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നദികളിൽ പരമ്പരാഗതമായിട്ടുണ്ടായിരുന്ന മത്സ്യസമ്പത്തുകളൊന്നും ഇപ്പോഴില്ല, നാടൻ മത്സ്യങ്ങളൊന്നുമില്ലാത്ത സ്ഥിതിയിലേയ്ക്ക് വന്നിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുൾപ്പടെ എല്ലാവരും മനസ്സിലാക്കേണ്ടത്, നമ്മൾ കുറച്ച് വളർത്തുമീനിനെക്കൊണ്ട് അവിടെ ഇട്ടതുകൊണ്ട് കാര്യമില്ല. നമ്മുടെ പരമ്പരാഗതമായിട്ടുള്ള കാര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അനിയന്ത്രിതമായുള്ള മണൽ വാരൽമൂലം നദികളിലെ ഒഴുക്ക് നശിച്ച് ഇത്തരത്തിലുള്ള മത്സ്യ സമ്പത്ത് നശിച്ചതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പുതിയ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞതിനെ അംഗീകരിക്കുകയാണ്. ബഹുമാനപ്പെട്ട ശിവദാസൻ നായർ പറഞ്ഞത് നല്ലകാര്യമാണ്. ഈ ബിൽ ചർച്ച ചെയ്യുന്ന സമയത്ത് ഈ വിഷയം ചർച്ച ചെയ്യാം. ബഹു. സ്പീക്കർക്കുകൂടി താൽപ്പര്യമുള്ള വിഷയമാണിത്. സഭയിൽ എല്ലാവരുമുള്ള സന്ദർഭത്തിൽ ഇത് ചർച്ച ചെയ്യണം. തുടർ ചർച്ചയ്ക്കുവേണ്ടി ഈ ബിൽ മാറ്റി വയ്ക്കാം.

മി. സ്പീക്കർ: ചർച്ച തുടരുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞ ഹൗസ് ബോട്ടുകളുടെ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളാ ഇൻലാന്റ് വെസ്സൽ റൂൾസിൽ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഉടനെതന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഉൾനാടൻ ജലാശയങ്ങളിലുള്ള സമ്പത്തിനെക്കുറിച്ചും പ്രകൃതി സമ്പത്തിനെക്കുറിച്ചുമെല്ലാമാണ് അങ്ങ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നദികളിൽ പരമ്പരാഗതമായിട്ടുണ്ടായിരുന്ന മത്സ്യസമ്പത്തുകളൊന്നും ഇപ്പോഴില്ല, നാടൻ മത്സ്യങ്ങളൊന്നുമില്ലാത്ത സ്ഥിതിയിലേയ്ക്ക് വന്നിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുൾപ്പടെ എല്ലാവരും മനസ്സിലാക്കേണ്ടത്, നമ്മൾ കുറച്ച് വളർത്തുമീനിനെക്കൊണ്ട് അവിടെ ഇട്ടതുകൊണ്ട് കാര്യമില്ല. നമ്മുടെ പരമ്പരാഗതമായിട്ടുള്ള കാര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അനിയന്ത്രിതമായുള്ള മണൽ വാരൽമൂലം നദികളിലെ ഒഴുക്ക് നശിച്ച് ഇത്തരത്തിലുള്ള മത്സ്യ സമ്പത്ത് നശിച്ചതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പുതിയ നിയമം കൊണ്ടുവരുമെന്ന് പറഞ്ഞതിനെ അംഗീകരിക്കുകയാണ്. ബഹുമാനപ്പെട്ട ശിവദാസൻ നായർ പറഞ്ഞത് നല്ലകാര്യമാണ്. ഈ ബിൽ ചർച്ച ചെയ്യുന്ന സമയത്ത് ഈ വിഷയം ചർച്ച ചെയ്യാം. ബഹു. സ്പീക്കർക്കുകൂടി താൽപ്പര്യ

മുള്ള വിഷയമാണിത്. സഭയിൽ എല്ലാവരുമുള്ള സന്ദർഭത്തിൽ ഇത് ചർച്ച ചെയ്യണം. തുടർ ചർച്ചയ്ക്കുവേണ്ടി ഈ ബിൽ മാറ്റി വയ്ക്കാം.

മി. സ്പീക്കർ: ചർച്ച തുടരുന്നതാണ്. ശ്രീ. എം. പി. വിൻസെന്റ്, അങ്ങേയ്ക്ക് 2013-ലെ കേരള അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി രൂപീകരണ ബിൽ-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. പി. വിൻസെന്റ്: സർ, 2013-ലെ കേരള അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി രൂപീകരണ ബിൽ-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, അൺ എയ്ഡഡ് അദ്ധ്യാപകരുടെ തൊഴിൽ സംബന്ധമായ വിവിധ വിഷയങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപക ക്ഷേമ അതോറിറ്റി ബിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വ്യക്തമായ ശുപാർശ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ വകുപ്പിൽ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അത്തരത്തിലുള്ള യാതൊരു ശുപാർശയും ഈ വകുപ്പിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. അതിനാൽ ശ്രീ.എം.പി. വിൻസെന്റ് എം.എൽ.എ. നോട്ടീസ് നൽകിയ അനൗദ്യോഗിക ബിൽ നമ്പർ 231 നിരാകരിക്കണമെന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. എം. പി. വിൻസെന്റ്: സർ, ഈ വിഷയം ഏറ്റവും ഗൗരവമുള്ള കാര്യമാണ്. നമ്മുടെ നാട് സാക്ഷരതയിൽ ഒന്നാം സ്ഥാനത്താണ് എന്നുപറയുമ്പോഴും പഠിപ്പിക്കുന്ന..............

ശ്രീ. പാലോട് രവി: സർ, അനൗദ്യോഗിക അംഗങ്ങൾ തയ്യാറാക്കി നൽകുന്ന ബിൽ നിയമ വകുപ്പും ക്യാബിനെറ്റും അങ്ങും പരിശോധിച്ചതിനു ശേഷമാണ് ഇവിടെ അവതരിപ്പിക്കുന്നത്. സ്വാഭാവികമായും പാർലമെന്റും നിയമസഭയുമെല്ലാം 1940-കളിൽ പാസ്സാക്കിയ നിയമങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാണിക്കാനുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ എഴുന്നേറ്റുനിന്ന് ഞങ്ങൾ ഇത് നിരാകരിക്കുന്നുവെന്ന് പറയുന്നതിനേക്കാൾ........, അങ്ങ് ഒരിക്കൽ ഇവിടെ റൂളിംഗ് നടത്തിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഇത് ചർച്ചയാകാം, ഇത് അനൗദ്യോഗികാംഗങ്ങൾക്കുള്ള ദിവസമാണ്. ഈ ബില്ലുകളിലെ പോരായ്മകളും നടപ്പിലാക്കുന്നതിലുള്ള പോരായ്മകളുമെല്ലാം, ഞങ്ങൾ ഓരോ അമെന്റ്മെന്റിലൂടെ ഞങ്ങളുടെ ബില്ലുകളുമായി വരുമ്പോൾ എഴുന്നേറ്റുനിന്ന് ഈ ബിൽ നിരാകരിക്കുന്നുവെന്ന് ഈ സഭയിൽ പറയുന്നു. ഇവിടെ ചർച്ച ആവശ്യമാണ്. ഒരു ബില്ലും സമ്പൂർണ്ണമല്ല. അതുകൊണ്ട് അതിന് അങ്ങ് വ്യക്തമായ......, അത് അനൗദ്യോഗികാംഗങ്ങൾക്കുള്ള അവകാശത്തിന്മേൽ...., ഞങ്ങൾ സമർപ്പിക്കുന്ന ബിൽ അങ്ങ് സ്ക്രൂട്ടിണി ചെയ്യുന്നു, നിയമ വകുപ്പ് സ്ക്രൂട്ടിണി ചെയ്യുന്നു, അംഗങ്ങൾ ആ ബില്ലിന്റെ പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നു, അത് അങ്ങ് വളരെ ഗൗരവത്തോടെ എടുത്ത്......., ബിൽ ഞങ്ങൾ അവതരിപ്പിച്ചുകഴിഞ്ഞാൽ ഞങ്ങളെ ഒടിച്ചുമടക്കി ഇരുത്തത്തക്ക വിധത്തിൽ ഇത് നിരാകരിച്ചിരിക്കുന്നു എന്നുള്ള വാക്ക് ദയവായി സഭയിൽ ഉണ്ടാകാതിരിക്കാനും

ഇതിനെ സംബന്ധിച്ച് കൂടുതൽ ചർച്ചകൾ സഭയിൽ ഉണ്ടാകാനും ആവശ്യമായ നിർദ്ദേശവും റൂളിംഗും അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: ഇക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. എം. പി. വിൻസെന്റ്: സർ, ശ്രീ. പാലോട് രവി പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യംതന്നെയാണ്. ഞങ്ങൾ തുടക്കത്തിൽ വന്ന എം.എൽ.എ.-മാരാണ്. ഞങ്ങൾക്ക് ഇതിന്റെ തുടർ നടപടികളെക്കുറിച്ച് അറിയില്ല. എന്നിരുന്നാൽപ്പോലും ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവമായ വിഷയമാണ്. അദ്ധ്യയനരംഗത്ത്, അദ്ധ്യാപകനായാലും വിദ്യാലയങ്ങളായാലും കേരളത്തിൽ ധാരാളമുണ്ട്, എയ്ഡഡ് സ്കൂളുകളും അൺഎയ്ഡഡ് സ്കൂളുകളും സെൻട്രൽ സ്കൂളുകളുമുണ്ട്. വിദ്യാഭ്യാസ രംഗത്ത് സ്റ്റാൻഡേർഡ് ഉണ്ടാകുന്നതുപോലെ തന്നെ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് മാന്യമായ വേതനം, തൊഴിലിന് ഉറപ്പ്, അവർക്കുവേണ്ട ശക്തമായ പിന്തുണ, ഇതൊന്നുമില്ലാത്ത അവസ്ഥ കേരളത്തിൽ നിലനിൽക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടാണ് സർക്കാരിന്റെ മുന്നിൽ ഈ ബിൽ കൊണ്ടുവന്നത്. കേരളത്തിൽ ഇന്ന് മിനിമം വേതനം ലഭിക്കുന്ന ഒരു വിഭാഗമാണ് അൺ എയ്ഡഡ് സ്കൂൾ ടീച്ചർമാർ. അന്ധകാരത്തിൽ നിന്നും കുട്ടികൾക്ക് അറിവിന്റെ പൊൻവെളിച്ചം കാട്ടിക്കൊടുക്കുന്നവരാണ് അദ്ധ്യാപകർ. പല സ്കൂൾ മാനേജ്മെന്റും കൂടിയ ശമ്പളം എഴുതി വാങ്ങുകയും കൊടുക്കുന്നത് തുച്ഛമായ ശമ്പളവുമാണ്. പഠിക്കുന്ന കുട്ടികളിൽ നിന്നും വളരെയധികം ഫീസ് വാങ്ങുന്നുണ്ടെങ്കിലും പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് അതിനനുസരിച്ചുള്ള ശമ്പളമോ മാന്യതയോ കൊടുക്കുന്നില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ നേരത്തേ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടിയാണ് മറുപടി പറഞ്ഞത്. അദ്ധ്യാപകരുടെ ശമ്പളം ബാങ്കുവഴി കൊടുക്കണമെന്ന കർശനമായ വ്യവസ്ഥ ഉൾപ്പെടുത്തിയാണ് സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കാൻ തീരുമാനിച്ചത്. ഇപ്പോൾ അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അൺ എയ്ഡഡ് സ്കൂളുകൾക്ക് റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ അംഗീകാരം കൊടുക്കേണ്ടി വരുന്ന സാഹചര്യമുണ്ട്. അങ്ങനെ വരുമ്പോൾ സി.ബി.എസ്.ഇ. സ്കൂളുകൾക്കുവച്ച എല്ലാ വ്യവസ്ഥകളും അൺ എയ്ഡഡ് സ്കൂളുകൾക്കും വയ്ക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. പി. വിൻസെന്റ്: സർ, വളരെ സ്വാഗതാർഹമായ തീരുമാനം തന്നെയാണത്. അതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഒരു കാര്യം പറയാനുള്ളത്, മാനേജ്മെന്റ് നൽകുന്ന തുച്ഛമായ ശമ്പളംകൊണ്ട് ദൈനംദിന ചെലവുകൾക്ക് അദ്ധ്യാപകർ ബുദ്ധിമുട്ടുന്ന അവസ്ഥയുണ്ട്. ബഹു. ഹൈക്കോടതിപോലും ഈ വിഷയത്തിൽ ഇടപെട്ട് അദ്ധ്യാപകർക്ക് മാന്യമായ ശമ്പളം നൽകണമെന്ന് പറഞ്ഞിട്ടുള്ളതാണ്. എന്നാൽപ്പോലും അതെല്ലാം വയലേറ്റ് ചെയ്തുകൊണ്ടാണ് പല മാനേജ്മെന്റുകളും മുന്നോട്ടു പോകുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ഏറ്റവും ഗൗരവത്തോടെ എടുക്കാനും ഇത്തരം അദ്ധ്യാപകരുടെ മേൽ കാണിക്കുന്ന നിലപാടുകൾ മാറ്റിനിർത്തി മുന്നോട്ടുപോകുന്നതിനും ഈ ബിൽ പരിഗണിക്കേണ്ടത് അത്യാവശ്യമാണ്, ഇതിന്റെ ഗൗരവമായ കാര്യങ്ങളിലേയ്ക്ക് ശ്രദ്ധ ചെലുത്തണം. ഇത് വീണ്ടും തുടരാൻ സമ്മതമാണ് എന്നുപറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ നോട്ട് ഇൻ ദ സീറ്റ്....അടുത്തത്, അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ചയാണ്. ശ്രീ. രാജു എബ്രഹാം നോട്ട് ഇൻ ദ സീറ്റ്, ശ്രീ. ഇ. ചന്ദ്രശേഖരൻ നോട്ട് ഇൻ ദ സീറ്റ്.....ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങേയ്ക്ക് 2012-ലെ കേരള പരിസ്ഥിതി സൗഹൃദ വികസന ബില്ലിന്റെ ചർച്ച തുടരാവുന്നതാണ്.

## 2012-ലെ കേരള പരിസ്ഥിതി സൗഹൃദ വികസന ബിൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇന്ന് കേരളം വളരെയേറെ ആഗ്രഹിക്കുന്നതാണ് പരിസ്ഥിതി സൗഹൃദ വികസനം. വികസനത്തിന്റെ സങ്കൽപ്പത്തിൽ മാറ്റങ്ങൾ വരണം. പരിസ്ഥിതിക്കിണങ്ങാത്ത വികസനം ഒരിക്കലും നിലനിൽക്കുന്നതല്ല. അതുകൊണ്ടാണ് ഇത്തരത്തിലൊരു ബിൽ കൊണ്ടുവന്നത്. നേരത്തേ ഈ ബിൽ അവതരിപ്പിച്ച് സഭയുടെ പ്രോപ്പർട്ടിയാവുകയും ഇന്ന് ഈ ബിൽ വിശാലമായി ചർച്ച ചെയ്യാനുള്ള അവസരം കിട്ടിയതിൽ ബഹുമാനപ്പെട്ട സ്പീക്കറോടും സഭയോട് പ്രത്യേകമായും സന്തോഷവും നന്ദിയും പ്രകടിപ്പിക്കുകയാണ്. കേരളത്തിലെ പ്രകൃതി സമ്പത്ത്, ജൈവവൈവിധ്യം, പുഴകൾ, തോടുകൾ, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, പാടശേഖരങ്ങൾ, ജലസംഭരണികൾ, വലുതും ചെറുതുമായ കുളങ്ങൾ, തോടുകൾ മുതലായ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ രൂപാന്തരം വരുത്തുന്നത് തടഞ്ഞ് പരിരക്ഷിക്കുന്നതിനും നദികളിലെ ഓരുവെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങളിലെയും വീടുകളിലെയും മലിനജലം പൊതുനിരത്തുകളിലേയ്ക്കും, നദികൾ, തോടുകൾ മുതലായവയിലേയ്ക്കും ഒഴുക്കി വിടുന്നത് നിയന്ത്രിക്കുന്നതിനും പരിസ്ഥിതി സൗഹൃദമായ വികസന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുംവേണ്ടി നടപടികൾ ആവശ്യമാകയാലും, തോടുകളി

ല്ലാതെയാക്കുന്നതുമൂലം റോഡുകളിൽ വെള്ളം കെട്ടിനിന്ന് ഗതാഗതം ദുസ്സഹ മാകുന്നതിനാൽ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ സംരക്ഷിക്കേണ്ടതിനാലും വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ പാരിസ്ഥിതിക സൗഹൃദം ഉറപ്പു വരുത്തേണ്ടതിനെക്കുറിച്ചുമാണ് ഈ ബില്ലിൽ പ്രധാനമായും വിഭാവനം ചെയ്യുന്നത്. കേരളത്തിൽ അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജലാശയങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും തോടുകളുടേയും മറ്റു ജല നിർഗ്ഗമന മാർഗ്ഗങ്ങളുടേയും സ്വാഭാവികമായ ചതുപ്പുകളുടേയും നദികളു ടേയും പാടശേഖരങ്ങളുടേയും സംരക്ഷണം പരിസ്ഥിതി സംരക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. നമുക്ക് വികസനം വേണം. വികസന ത്തിന് ആരും എതിരല്ല. വികസനം അതിവേഗമുണ്ടാകണം, ബഹുദൂരമുണ്ടാ കണം എന്നു തന്നെയാണ് എല്ലാവരുടേയും കാഴ്ചപ്പാട്. പക്ഷേ വികസന ത്തിന്റെ പേരിൽ നിലവിൽ ദൈവം നമുക്ക് നൽകിയ; പ്രകൃതി നമുക്ക് നൽകിയ പ്രകൃതി സമ്പത്തുകളെ ഇല്ലാതാക്കുക എന്നത് ഒരിക്കലും അംഗീക രിക്കാൻ കഴിയില്ല. കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്നു വിളിക്കു ന്നത് ഇവിടത്തെ ആരാധനാലയങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല എന്ന് അങ്ങ് തന്നെ പലപ്പോഴും പൊതുസ്ഥലങ്ങളിലും നിയമസഭയ്ക്ക കത്തും പറഞ്ഞത് പലപ്പോഴും കേൾക്കാനിടയായിട്ടുണ്ട്. ഇവിടെയുള്ള അമ്പ ലങ്ങളുടേയോ ക്രിസ്ത്യൻ-മുസ്ലീം പള്ളികളുടേയോ എണ്ണം നോക്കിയിട്ടല്ല ദൈവത്തിന്റെ സ്വന്തം നാട് എന്ന് കേരളത്തെ വിളിക്കുന്നത്. കേരളത്തിന്റെ പ്രകൃതി വിഭവം തന്നെയാണ്, കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്നു പറയുന്നതിനു കാരണം. നമ്മുടെ നദികളും കുന്നുകളും വനവും പുൽമേടുകളും ഉൾപ്പെടെയുള്ള ഈ അതിമനോഹരമായ ദൈവത്തിന്റെ സൃഷ്ടി ഒരുപക്ഷേ ഭൂലോകത്ത് വളരെ അപൂർവ്വമായി കാണാവുന്ന

ഒന്നാണ്. ഇന്ത്യയിലെ മറ്റ് ഏത് സംസ്ഥാനത്ത് പോയാലും കേരളത്തെപ്പോലെ ഹരിതാഭമായ മണ്ണ് കാണാൻ എളുപ്പമല്ല. അതിന്റെ ആർദ്രത നമ്മുടെയെല്ലാവരുടേയും ജീവിതത്തിന്റെ ഏത് ഭാഗങ്ങളിലും വരും. അത് നമുക്ക് നൽകുന്ന ജീവിതദർശനങ്ങൾ, അങ്ങനെയുള്ള ജീവിതദർശനവും ആർദ്രതയുമൊക്കെ നമ്മുടെ ജീവിതത്തിൽ കടന്നുകൂടാൻ ഇടയായത് പ്രകൃതിയുടെ ഈ കിട്ടിയ വരദാനം കൊണ്ടുതന്നെയാണ്. ആ വരദാനത്തിന്റെയും പ്രകൃതിസമ്പത്തിന്റെയും അടിസ്ഥാനത്തിലാണ് ദൈവത്തിന്റെ സ്വന്തം നാട് എന്ന് നാം കേരളത്തെ വിളിക്കുന്നത്. ഇന്ന് അതിൽ നിന്നും മാറി മാറി ഒരു കോൺക്രീറ്റ് സംസ്കാരത്തിലേയ്ക്ക് നമ്മൾ പോയിക്കൊണ്ടിരിക്കുകയാണ്. എന്തും ഏത് പ്രകൃതിവിഭവവും നശിപ്പിച്ചാലും വിരോധമില്ല, ലാഭമുണ്ടാക്കുന്ന കെട്ടിപ്പടുക്കലുകൾക്കാണ് പ്രാധാന്യം നൽകുന്നത്. നെൽവയലുകൾ അതിവേഗതയിൽ പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഓരോ വർഷവും നെല്ലുല്പാദനം കുറഞ്ഞുവരികയാണ്. നെല്ലുല്പാദനത്തിനുള്ള വിസ്തൃതിയും കുറഞ്ഞുവരികയാണ്. മറ്റെല്ലാത്തിന്റെയും കമ്പോള സംസ്ഥാനമായ കേരളം, പണ്ട് നമുക്ക് ആവശ്യമായ പച്ചക്കറി ഉൾപ്പെടെ നമ്മൾ തന്നെ ഉൽപ്പാദിപ്പിക്കുമായിരുന്നു. അവയെല്ലാം നമ്മിൽ നിന്ന് മെല്ലെ മെല്ലെ അകന്നുപോയി അന്യസംസ്ഥാനങ്ങളെ മാത്രം ആശ്രയിച്ചുവരേണ്ട സംസ്ഥാനമായി മാറുകയാണ്. ബ്രാൻഡഡ് അരിയുടെ വില 50 രൂപയായി വർദ്ധിച്ചിരിക്കുകയാണ് എന്നതാണ് ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട വാർത്തകളിൽ ഒന്ന്. ആന്ധ്രാപ്രദേശിൽ നിന്നും ബംഗാളിൽ നിന്നും അരി കൊണ്ടുവരുന്ന തീവണ്ടി വരാതിരുന്നാൽ, കേരളത്തിലേയ്ക്ക് ചരക്കുലോറി വരാതിരുന്നാൽ

ഇവിടെ അരിയുടെ വില വർദ്ധിക്കുകയാണ്. പച്ചക്കറി ഉല്പന്നങ്ങളുടേയും സ്ഥിതി ഇതുതന്നെയാണ്. എന്തുകൊണ്ട് ഇത്തരത്തിലുള്ള ഒരു പരിവർത്തനം നമ്മുടെ സംസ്ഥാനത്തുണ്ടായി?

ശ്രീ. പാലോട് രവി: സർ, അങ്ങ് പരിസ്ഥിതി സൗഹൃദത്തെക്കുറിച്ച് പറഞ്ഞു. ഇവിടെയും നമ്മുടെ പച്ചപ്പിനെക്കുറിച്ചും കുന്നുകളെക്കുറിച്ചും മല കളെക്കുറിച്ചും നദികളും നദികളുടെ മണൽത്തിട്ടയെക്കുറിച്ചുമൊക്കെ....., നമ്മുടെ സംസ്ക്കാരവും നമ്മുടെ സാഹിത്യവും നമ്മുടെ കവിതകളുമൊക്കെയതാണ്.

"പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാംപാദോപദാനം കൊണ്ടും
പള്ളികൊണ്ടീടും നിൻ.........................."

എന്നാണ് എഴുതിയിരിക്കുന്നത്. എന്താണെന്ന് അറിയുമോ? 44 നദികളെടുത്താലും 44 നദികളിലും ഇതുപോലെ ഒരു കുന്നും മണൽത്തിട്ടയും കാണാം. ഈ കുന്നുകളെല്ലാം പോയി, ഈ മണൽത്തിട്ടക ളെല്ലാം പോയി, ഈ പച്ചപ്പ് കേരളത്തിൽ നിന്ന് പോയിക്കൊണ്ടിരിക്കുന്നു. നല്ല മനോഹരമായ സ്ഥലം കാണാൻ നമുക്ക് മറ്റു രാജ്യങ്ങളിൽപോയാൽ മതി. വിദേശികൾ ഇവിടെ വരുന്നതെന്തിനാണ്? വിദേശികൾ ഇവിടെവരുന്നത് ഇവിടത്തെ പച്ചപ്പ് കണ്ടിട്ടാണ്. ഒരു പുതിയ സംസ്ക്കാരം വളർന്നു വരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ? ഇവിടെ വികസനം എന്നു പറയുന്നത് ഈ പച്ചപ്പും കുന്നുകളും മണൽത്തിട്ടകളും ഇല്ലാതാക്കി, ഈ പച്ചപ്പിനേയും കേര ളത്തെയും ഇല്ലാതാക്കുന്ന....., ഈ പച്ചപ്പുള്ള കേരളം കാണാനാണ് വിദേശികളും ലോകത്തുള്ള യാത്രികരുമെല്ലാം ഇവിടേയ്ക്ക് എത്തുന്നതെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ? വികസനത്തിന്റെ

പേരിൽ, സൗഹൃദം നഷ്ടപ്പെടുത്തി നശിപ്പിക്കുന്ന ഒരു സാഹചര്യം പല മേഖലകളിലും അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, കേരളത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിവേഗതയിലുള്ള വികസനത്തിൽ പ്രധാനപ്പെട്ടത് എല്ലാ പച്ചപ്പുകളേയും ഇല്ലാതാക്കുന്നതാണ്. കുന്നുകൾ ഇടിക്കുന്നതും മണലെടുക്കുന്നതും പാറപൊട്ടിക്കുന്നതും നമ്മൾ തന്നെയാണ്. അതിലൊരു പ്രധാന പങ്ക് പ്രാദേശികമായ എല്ലാ രാഷ്ട്രീയക്കാരും വഹിക്കുന്നുണ്ട്. അതിൽ ഇടത്-വലത്-ബി.ജെ.പി. വ്യത്യാസമില്ല. കേരളത്തിൽ ഒരു വിഭാഗം ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും ഉദ്യോഗസ്ഥരും ചേർന്നുകൊണ്ട് ഏതു തരത്തിലുമുള്ള പ്രകൃതി ചൂഷണത്തിനുംവേണ്ടി കൂട്ടുനിൽക്കുകയാണ്. തങ്ങൾക്ക് ലാഭം മാത്രം വേണം. താൽക്കാലികമായി തങ്ങളുടെ പോക്കറ്റുകൾ വീർക്കണം. ഭാവി തലമുറയ്ക്കു വേണ്ടിയുള്ള കരുതൽ ധനമാണ് പ്രകൃതിസമ്പത്ത് എന്നുള്ളത് കരുതുന്നില്ല. അതുകൊണ്ട് കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മൈൻഡ് സെറ്റ് മാറിയേ മതിയാകൂ. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും അതിനു തയ്യാറാകണം. അതിൽ ഇടത് -വലത് വ്യത്യാസമില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും രാഷ്ട്രീയ നേതാക്കന്മാരുടേയും മൈൻഡ് സെറ്റ് മാറുകയും അവരുടെ പ്രവർത്തന അജണ്ടയിൽ പരിസ്ഥിതി സൗഹൃദ വികസനം എന്നുള്ളത് കൊണ്ടുവരാതിരിക്കുകയും ചെയ്താൽ കേരളം 10 വർഷത്തിനുള്ളിൽ ഏറ്റവും വലിയ മരുഭൂമിയായി മാറും. ഒരു തുള്ളി വെള്ളം സംരക്ഷിക്കാൻവേണ്ടി രാജസ്ഥാനിലെ ജനങ്ങൾ എടുക്കുന്ന ഒരു തപസ്യയുണ്ട്, ഒരു വീട്ടിലെ കൂജയിൽ നിന്ന് ഒരു മൺ കപ്പിൽ വെള്ളം തരുമ്പോൾ ആ വെള്ളത്തിലൊരു തുള്ളിപോലും

നഷ്ടപ്പെടാതിരിക്കാൻ വേണ്ടി അവരെടുക്കുന്ന തപസ്യ പോലത്തെ ശ്രമമുണ്ട്. അത് നമ്മുടെ മനസ്സിലേയ്ക്ക് വീണ്ടും വീണ്ടും ആവാഹിച്ച് വരേണ്ടതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രകൃതി സമ്പത്ത് തകർത്തുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ചാണ് അങ്ങിവിടെ പറഞ്ഞത്. നമ്മുടെ നാടിന്റെ പച്ചപ്പ്, എല്ലാവരും ചേർന്ന് നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പച്ചപ്പ് നശിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെയും പ്രകൃതി സമ്പത്ത് തകർത്തുകൊണ്ടിരിക്കുന്നതിന്റെയും യാഥാർത്ഥ്യം നമ്മുടെ ജനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട് എന്നതിന്റെ തെളിവാണോ ഇക്കഴിഞ്ഞ ജൂൺ 5-ന് പരിസ്ഥിതി ദിനാചരണം എല്ലായിടത്തും വളരെ വിപുലമായി ആചരിക്കപ്പെട്ടത്. എത്രയോ പരിസ്ഥിതി ദിനാചരണങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായി ഇക്കഴിഞ്ഞ ജൂൺ 5-ന് എല്ലാ സംഘടനകളും മൽസരിച്ച് പരിസ്ഥിതി ദിനം ആചരിക്കാൻ മുന്നോട്ടു വന്നിരുന്നു. ഈ യാഥാർത്ഥ്യത്തിലേയ്ക്ക് ജനങ്ങൾ വന്നപ്പോൾ അതിനനുസൃതമായി സംഘടനകളും മറ്റും വരാൻ തയ്യാറായതാണോ; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങ് പറഞ്ഞ നിലപാട് തീർച്ചയായും കേരളത്തിന് അനിവാര്യമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട പാലോട് രവി, ആ പൊതുവികാരത്തോടുചേർന്ന് നിന്ന് ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ യോജിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത് എന്നു പറയുന്നത് പച്ചപ്പ് തന്നെയാണ്, പ്രകൃതിയുടെ അനുഗ്രഹം തന്നെയാണ്. പക്ഷേ ഇതോടൊപ്പം തന്നെ കേരളത്തിന്റെ വികസനവും മുന്നോട്ടുപോകണ്ടേ എന്ന പ്രസക്തമായ വിഷയവും നിലനിൽക്കുകയാണ്.

ഇന്ത്യയിൽ ഇന്ന് ഏറ്റവും കൂടുതൽ വികസനത്തിലേയ്ക്ക് വരേണ്ട സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനം എന്ന കാഴ്ചപ്പാടോടെ കേരളം മുന്നോട്ടുപോകുകയാണ്. ഈ വികസനം കേരളത്തിന്റെ ഭാവി വളർച്ചയ്ക്ക് നിർണ്ണായകമാണ്. അപ്പോൾ ഇതിന്റെയിടയിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ചൂണ്ടിക്കാണിച്ചു, കുന്നുകൾ നിരപ്പാക്കുന്നു, മണ്ണെടുപ്പ് നടക്കുന്നു. ഇതെല്ലാം വികസനത്തിന്റെ പേരിലാണോ? വികസനത്തിന്റെ പേരിലാണെന്ന് പറയാൻ കഴിയില്ല. കുന്നുകൾ നിരപ്പാക്കുന്നത് ഒരു ബിസിനസായി മാറുന്നു. ഒരു മാഫിയാ സംഘം ഇതിന്റെ മറവിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നു. രാഷ്ട്രീയക്കാർ മുഴുവൻ അപമാനിക്കപ്പെടുന്നു, നമുക്കെന്താണ് ബന്ധം? ഒരു വ്യക്തി ലൈസൻസ് എടുക്കുന്നു. അതിനുശേഷം മണ്ണെടുക്കുന്നു. കുന്ന് എടുക്കുന്നു. അവർ ബിസിനസ്സ് നടത്തുന്നു. ആ ബിസിനസിന്റെ മറവിൽ ഒരു പക്ഷേ രാഷ്ട്രീയ നേതൃത്വത്തെ സംശയിക്കാം. ആരെ വേണമെങ്കിലും സംശയിക്കാം. ഇത്തരത്തിലുള്ള ബിസിനസുകൾ നടക്കുമ്പോൾ ഇത് വികസനത്തിന് വേണ്ടി നടക്കുന്ന കാര്യമല്ല, അതിന്റെ മറവിൽ നമ്മുടെ വികസനത്തിന്റെ ശോഭ പോലും കെടുത്തുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. ഞാൻ ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ കൊണ്ടുവന്ന ഈ നല്ല കാര്യത്തെ ശക്തമായി സപ്പോർട്ട് ചെയ്യുമ്പോൾത്തന്നെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് ഇത് വേർതിരിക്കാൻ കഴിയുന്ന സംവിധാനം നമുക്കുണ്ടാകേണ്ടതാണ്. വികസനത്തിനു വേണ്ടി വരുന്ന കാര്യങ്ങൾ ഏതാണ്, അനാവശ്യമായി ചൂഷണം ചെയ്യുന്നത് ഏതാണ്, ഇത് രണ്ടും തിരിച്ചറിയുക എന്നുള്ളത് കേരളത്തിന് അനിവാര്യമാണ്. ഞാൻ മരാമത്ത് വകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ തിരുവനന്തപുരം നഗരത്തിന്റെ

വികസനമടക്കമുള്ള വിഷയങ്ങളിൽ മരങ്ങൾ മുറിക്കുന്നതും പച്ചപ്പ് നഷ്ടപ്പെടുന്നതും സംബന്ധിച്ച ഗുരുതരമായ വിഷയം വരികയുണ്ടായി. അനാവശ്യമായ മരങ്ങളൊന്നും മുറിക്കാൻ പാടില്ലെന്ന ശക്തമായ നിലപാട് നമ്മളെടുത്തു. യൂണിവേഴ്സിറ്റി കോളേജിന്റെ വാതിൽക്കലുള്ളതും എതിർവശത്തുമുള്ള മരങ്ങളൊക്കെ നിലനിർത്തിക്കൊണ്ടു തന്നെ...., ഒരു മരം മുറിക്കേണ്ടതായ സാഹചര്യമുണ്ടായി. അപ്പോൾ ഇവിടെ വന്ന ഒരു നിർദ്ദേശം, 10 മരങ്ങൾ പകരം വയ്ക്കുക എന്നതായിരുന്നു. ഇതൊരു പ്രഹസനമായിട്ടായിരുന്നെങ്കിൽ ഇന്ന് കേരളത്തിൽ അത് നടക്കുമെന്ന് തെളിയിച്ചിരിക്കുകയാണ്. ഈ നഗരത്തിൽ തന്നെ വളർന്നു നിൽക്കുന്ന നിരവധി മരങ്ങൾ പകരം വച്ച മരങ്ങളാണ്. അങ്ങ് പറഞ്ഞ പോയിന്റിൽ അവസാനിപ്പിക്കാം. മൈൻഡ് സെറ്റ് കേരളത്തിൽ അപ്ലൈ ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞു....., ഇവിടെ ശ്രീ. പി. ഉബൈദുള്ള ഇപ്രാവശ്യം നടന്ന പരിസ്ഥിതി ദിനാചരണത്തെക്കുറിച്ച് പറഞ്ഞു. ജനങ്ങൾക്ക് കഴിയുമെന്ന് നമ്മൾ തെളിയിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇവിടെ നടക്കുകയില്ല എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ വിഷയം നടക്കുമെന്ന് തെളിയുകയാണ്. നമുക്ക് ഇതിന്റെ പശ്ചാത്തലത്തിൽ ജനങ്ങളിലേയ്ക്ക് ഈ ആശയം കൊണ്ടുവരാൻ കഴിഞ്ഞാൽ തീർച്ചയായും വലിയ അനുഗ്രഹമായിരിക്കും. ഇത് രണ്ടും ഒരേപോലെ പ്രാധാന്യമുള്ളതാണ്. വികസനം കേരളത്തിൽ നടക്കണം. അനാവശ്യമായ ചൂഷണം ഒഴിവാക്കപ്പെടണം. കേരളത്തിന്റെ പ്രകൃതിസമ്പത്തും പരിസ്ഥിതിയും സംരക്ഷിക്കണം. ആ നിലയിലേയ്ക്ക് അങ്ങയുടെ ചർച്ചയെ മുന്നോട്ട് നയിക്കാൻ കഴിയട്ടെ എന്നുള്ളതാണ് എനിക്ക് ഇതിനോട് കൂട്ടിച്ചേർക്കാനുള്ളത്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബഹുമാന്യനായ മുൻ മരാമത്ത് വകുപ്പു മന്ത്രീ, നമ്മുടെ ഈ ബിൽ തന്നെ കേരള പരിസ്ഥിതി സൗഹൃദ വികസനം - പരിസ്ഥിതിക്കു സൗഹൃദമായ വികസനം എന്നു തന്നെയാണ്. അങ്ങ് പറഞ്ഞ ആശയം പൂർണ്ണമായും ശരിയാണ്. ആ ദിശയിലേയ്ക്ക് നമ്മുടെ സമൂഹത്തെ കൊണ്ടുവരിക എന്നതുതന്നെയാണ് പ്രധാനപ്പെട്ട ലക്ഷ്യം. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം, ഇക്കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ആളുകളുടെ ഇടയിൽ വലിയ അവബോധമുണ്ടായിട്ടുണ്ട്. ആ മാറ്റം രാഷ്ട്രീയക്കാർക്ക് വരുന്നില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ മുമ്പ് ഈ സഭയിൽ അഭിനന്ദിച്ചതാണ്, ഒരിക്കൽ കൂടി ഞാൻ അഭിനന്ദിക്കുകയാണ്. പരിസ്ഥിതി സൗഹൃദത്തിന്റെ ഭാഗമായി ഞങ്ങൾ ഒരു നയം കൊണ്ടുവന്നു. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പരിസ്ഥിതി ദിനത്തിൽ മാത്രമല്ല, കേരള വ്യാപകമായി വെള്ളം സംരക്ഷിക്കാൻ, നദികൾ സംരക്ഷിക്കാൻ വേണ്ടിയുള്ള ക്യാമ്പെയിൻ നടത്തുകയാണ്. നിങ്ങളതിനുവേണ്ടി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി എന്ന മുൻ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തി. കമ്മ്യൂണിസ്റ്റ് പാർട്ടിക്കും കോൺഗ്രസ് പാർട്ടിക്കുമല്ലേ ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ഉത്തരവാദിത്വമുള്ളത്. പ്രകൃതി സംരക്ഷണത്തിനുവേണ്ടി ഏറ്റവും വലിയ പ്രാധാന്യം കൊടുക്കുന്ന ഒന്നാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ. മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയുമെല്ലാം നമ്മളെ പഠിപ്പിച്ച ഏറ്റവും വലിയ പ്രത്യയശാസ്ത്രമെന്നു പറയുന്നത് പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ളത് തന്നെയാണ്. അത് കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിൽ പ്രധാനപ്പെട്ടതാണ്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ ഈ പറഞ്ഞ രീതിയിൽ ജനങ്ങളിൽ മാറ്റംവരുത്തുന്നതിന് രാഷ്ട്രീയ

പ്രസ്ഥാനങ്ങളുടെ അജണ്ടയിൽ മാറ്റം വരണം, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുഖ്യ അജണ്ടയിൽ വികസനം വേണം. ശ്രീ. മോൻസ് ജോസഫ് പറഞ്ഞതു പോലെ എല്ലാം വെട്ടിമാറ്റിക്കൊണ്ടുള്ള വികസനം പാടില്ല. എന്നാൽ വികസന വിരോധികളുമല്ല. ഞങ്ങളാരും പരിസ്ഥിതി തീവ്രവാദികളല്ലെന്ന് ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ പരിസ്ഥിതി സംരക്ഷിക്കണമെന്ന് പറയുന്നതിൽ തെറ്റിദ്ധാരണ ചിലർക്ക് ഉണ്ടാക്കുന്നുണ്ട്. എന്തിനെയും എതിർക്കുകയെന്നുള്ളതല്ല, പരിസ്ഥിതി നിലനിർത്തിക്കൊണ്ടുള്ള വികസനം വേണം. അതുകൊണ്ടാണ് പരിസ്ഥിതി സൗഹൃദ ബിൽ എന്നപേരിൽ ഒരു നിയമം തന്നെ ഈ നിയമസഭയിൽ അവതരിപ്പിക്കാൻ പ്രത്യേക താൽപ്പര്യമെടുത്തത്. തെറ്റിദ്ധാരണ മാറുകയെന്ന നിലയിലാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ പരിസ്ഥിതി സൗഹൃദ വികസന ബില്ലാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞതുപോലെതന്നെ വയലുകളെല്ലാം സംരക്ഷിച്ചുകൊണ്ട് ക്രിയാത്മകമായി പ്രവർത്തനം നടത്തുകയാണ്. അവിടെ ഏകദേശം നൂറ് ഹെക്ടറോളം സ്ഥലത്ത് ശ്രീ. റ്റി. എൻ. പ്രതാപൻ തന്നെ മുൻകയ്യെടുത്ത് വെറുതെയിട്ട വയൽ കൃഷിക്കുപയുക്തമാക്കി ജൈവകൃഷി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുപോലെ നമ്മുടെ ജനപ്രതിനിധികൾ മുൻകയ്യെടുത്തുകൊണ്ട് അവരവരുടെ മണ്ഡലങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയാൽ....... പ്രൊഫ. സി. രവീന്ദ്രനാഥിന്റെ മണ്ഡലമായ പുതുക്കാട് ജൈവവൈവിധ്യ ഉദ്യാന മണ്ഡലമായി മാറ്റാൻ പോവുകയാണ്. അതിനുള്ള എല്ലാ സപ്പോർട്ടും കൃഷിവകുപ്പും മറ്റെല്ലാം വകുപ്പുകളും നൽകുന്നുണ്ട്. അതോടൊപ്പം പ്രകൃതിയെക്കുറിച്ച് പറഞ്ഞു.

പ്രകൃതിയെന്നത് സൃഷ്ടിക്ക് മുമ്പുള്ളതാണ്. 'പ്രാ' എന്നുപറയുന്നത് മുമ്പുള്ളതും 'കൃതി' എന്നുപറയുന്നത് സൃഷ്ടിയുമാണ്. സൃഷ്ടിക്ക് മുമ്പുള്ളത് സംരക്ഷിക്കേണ്ട ധാർമ്മികമായ ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. ആ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ഏറ്റവും നല്ല ബില്ലായിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ട് പരിസ്ഥിതി സൗഹൃദമായ ബില്ലിന് എല്ലാവിധ പിന്തുണയും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ശ്രീ. റ്റി.എൻ. പ്രതാപന്റെ പരിസ്ഥിതി സ്നേഹത്തോട്, അങ്ങ് ഒരു തീവ്രവാദിയൊന്നുമല്ല. അദ്ദേഹത്തിന്റെ പരിസ്ഥിതി സ്നേഹം എന്താണെന്നുള്ളത് പൂർണ്ണമായും ഉൾക്കൊള്ളുന്നവരാണ് ഞങ്ങൾ. എന്തുകൊണ്ടാണ് അദ്ദേഹം ഇത്രയും ശക്തമായി നിൽക്കുന്നുവെന്നും നമുക്കറിയാം. ഇവിടെ മൈൻഡ് സെറ്റിനെക്കുറിച്ചുംമറ്റും പറഞ്ഞു. നമ്മുടെ പഴയ തലമുറ ഇന്നത്തെക്കാളും കൂടുതൽ അവബോധമുള്ളവരാണ്. കേരളം മുഴുവൻ മരങ്ങളും കാടുകളും ഉണ്ടായിരുന്ന കാലഘട്ടത്തിൽ പോലും നമ്മുടെയൊക്കെ നാടുകളിൽ സർപ്പക്കാവെന്ന സങ്കൽപ്പമുണ്ടായിരുന്നു. സർപ്പക്കാവെന്ന് പറയുന്ന സങ്കൽപ്പം ഇക്കോളജി നിലനിർത്താൻ വേണ്ടിയുള്ളതാണ്. അന്ന് മരങ്ങൾ ഉണ്ടായിരുന്ന നാടുകളിൽ പോലും സർപ്പക്കാവ് വച്ച് ആ പ്രദേശത്തേയ്ക്ക് ആരും ചെല്ലരുത്, അവിടെയൊരു കുളം വേണം, അവിടെ മരങ്ങൾ വേണം, കാവുകളൊന്നും നശിപ്പിക്കാതിരിക്കാൻ ശാസ്ത്രീയമായ വശം പറഞ്ഞുകൊടുത്താൽ ജനങ്ങൾ അംഗീകരിക്കാത്തതുകൊണ്ടാണ് ദൈവീകത്വം ഉണ്ടാക്കി അത് കാത്തുസൂക്ഷിക്കണമെന്ന് പറഞ്ഞത്. അത്രമാത്രം അവബോധം ഉണ്ടായിരുന്നു ആ കാലഘട്ടത്തിൽ. മരം വെട്ടണമെങ്കിൽ പോലും മരത്തോട് അനുവാദം വാങ്ങിച്ച് മാത്രമേ മരം വെട്ടാൻ പാടുള്ളൂവെന്ന് പഠിപ്പിച്ച പുരാ

ണങ്ങളും അതുപോലെത്തന്നെ കൃതികളുമൊക്കെ ഋഷിവര്യന്മാരുടെ കാലഘട്ടത്തിൽപോലും ഉണ്ടായിരുന്നു. അതിനുശേഷം വന്ന, നമ്മളൊക്കെ ഉൾപ്പെട്ടുവന്ന ഒരു തലമുറയാണ് ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ പുറ കോട്ട് പോയത്. മൈൻഡ് സെറ്റ് മാറ്റണമെങ്കിൽ വളർന്ന് വരുന്ന പുതിയ തല മുറകളിലേയ്ക്ക് പരിസ്ഥിതിയെ സംരക്ഷിക്കുകയെന്ന അവബോധം, അവരുടെ സംസ്ക്കാരം...... പണ്ട് നമ്മുടെ ജീവിത സംസ്ക്കാരത്തിന്റെ ജീവിത രീതിയുടെ ഭാഗമായിരുന്നു പരിസ്ഥിതി സംരക്ഷിക്കുകയെന്നുള്ളത്. പിന്നീട് വന്ന തെറ്റായ ചില സങ്കൽപ്പങ്ങളാണ്, വ്യാവസായിക വിപ്ലവത്തിനു ശേഷം ഉണ്ടായ ചില കണ്ണഞ്ചിപ്പിക്കുന്ന മാറ്റങ്ങളുടെ പിന്നാലെ ഓടാൻ കാണിച്ച വ്യഗ്രതയാണ് പലപ്പോഴും ഇത്തരത്തിലുള്ള മാറ്റങ്ങളുണ്ടാക്കി നമ്മുടെ പരിസ്ഥിതിയെ നശിപ്പിച്ചത്. അതിന് ചില പ്രത്യയശാസ്ത്രങ്ങളുണ്ട്. ആ പ്രത്യയശാസ്ത്രങ്ങളെല്ലാം മാറി......

<u>മി. സ്പീക്കർ</u>: ശ്രീ. റ്റി. എൻ. പ്രതാപൻ രണ്ട് മിനിറ്റ് മാത്രമേ ബാക്കിയുള്ളൂ.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അവസാനിപ്പിക്കാം. അതുകൊണ്ട് പുതിയ തലമുറയെ ഇക്കാര്യത്തിലേയ്ക്ക് അവരുടെ ജീവിതചര്യയാക്കി, അവ രുടെ സംസ്ക്കാരമാക്കി മാറ്റുന്നതിന് നമ്മുടെ അക്കാദമിക് തലത്തിൽപോലും സിലബസ്സിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരം കാര്യങ്ങളെ നിർബന്ധമാക്കി കൊണ്ട് വരുന്നതിനുവേണ്ടിയുള്ള ഒരു വകുപ്പ് അല്ലെങ്കിൽ ഒരു നിർദ്ദേശം അങ്ങയുടെ ബില്ലിൽ കണ്ടില്ല അതുകൂടി ഉൾപ്പെടുത്താൻ അങ്ങ് തയ്യാറുകുമോ?

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് അനുവദിച്ചിരുന്ന സമയത്തിൽ നിന്ന് അഞ്ച് മിനിറ്റ് കൂടി അധികം തരുന്നു.

ശ്രീ. വി. റ്റി. ബൽറാം: സർ, താങ്കളുടെ ബില്ലിന്റെ പേരുതന്നെ വളരെ ഉചിതമാണ്. പരിസ്ഥിതി സൗഹൃദ വികസന ബില്ലെന്ന് പറയുന്ന കൺസെപ്റ്റ് തന്നെ വളരെ പ്രധാനപ്പെട്ട, കേരളം ചർച്ച ചെയ്യേണ്ട ഒന്നാണ്. താങ്കൾ മറ്റുള്ള അംഗങ്ങളുടെ അഭിപ്രായങ്ങളോട് പ്രതികരിക്കുമ്പോഴും, വികസന വിരോധിയെന്ന ലേബൽ പരിസ്ഥിതി സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുന്ന ആളുകൾക്ക് ചാർത്തികൊടുക്കുന്ന പതിവുണ്ട്. അതല്ലാ ഉദ്ദേശിക്കുന്നതെന്നും, വികസനത്തിന് എതിരല്ലെന്നും, എന്നാൽ വികസനം നിലനിൽക്കണമെങ്കിൽ പരിസ്ഥിതിയെക്കൂടി സംരക്ഷിച്ചുകൊണ്ടുമാത്രമേ വികസനം മുന്നോട്ട് കൊണ്ടുപോകുവാൻ പാടുള്ളൂവെന്നതാണ് താങ്കളുടെ നിലപാട്. ഓരോ പ്രദേശത്തും പരിസ്ഥിതിക്ക് അനുയോജ്യമായ carrying capacity ഉണ്ട്. ആ carrying capacity -ക്ക് അകത്തുനിൽക്കുന്ന വികസനമായിരിക്കണം മുന്നോട്ട് കൊണ്ടുപോകേണ്ടതെന്ന് പറയുന്ന ശാസ്ത്രീയമായ കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കാൻ താങ്കളുടെ ബിൽ ഉപകരിക്കില്ലേ; അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തേണ്ടതല്ലേയെന്നാണ് എന്റെ ചോദ്യം. പരിസ്ഥിതി സംരക്ഷണമെന്നത് വൈകാരിക വിഷയമായി മാറാതെ അതിനെ ശാസ്ത്രീയമായി കണ്ട് ഓരോ പ്രോജക്ടിന്റെയും ഗുണങ്ങളും ദോഷ വശങ്ങളും ശാസ്ത്രീയമായി വിലയിരുത്തി കോസ്റ്റ്-ബെനിഫിറ്റ് അനാലിസിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രോജക്ടുമായി മുന്നോട്ട് കൊണ്ടുപോവുകയെന്ന് പറഞ്ഞ ഒരു ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കഴിയുകയില്ലേയെന്നാണ് എന്റെ ചോദ്യം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇത്തരത്തിലുള്ള ശാസ്ത്രീയ സമീപനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പരിസ്ഥിതി സൗഹൃദ വികസന

മെന്നുള്ള ആശയം മുന്നോട്ടുവയ്ക്കുന്നത്. അല്ലാതെ വികസനം വേണ്ടെന്നുള്ള രീതിയിലല്ല. നേരത്തെ, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ചൂണ്ടിക്കാണിച്ചതുപോലെ കാവുകൾ സംരക്ഷിക്കാനും പാരമ്പര്യമായി നമ്മുടെ കയ്യിലുള്ള പ്രകൃതി സമ്പത്തുകൾ സംരക്ഷിക്കുവാനും അതോടൊപ്പം വികസനം കൊണ്ടുവരാനും ഓരോ പദ്ധതികളേയും, ഇപ്പോൾ ആറന്മുള വിമാനത്താവളത്തിന്റെ കാര്യമെടുത്താൽ, ആറന്മുള വിമാനത്താവളം വരുന്നതിന്റെ പേരിൽ അവിടെയുള്ള വയലുകളും തോടുകളും നികത്തപ്പെടുകയാണെങ്കിൽ സ്വാഭാവികമായും അത് പുനഃപരിശോധിക്കേണ്ട കാര്യമാണെന്ന് പറയുന്നത് ഏതെങ്കിലും തരത്തിലുള്ള നെഗറ്റീവ് ആറ്റിറ്റ്യൂഡിന്റെ ഭാഗമല്ല. അതെല്ലാം പോസിറ്റീവ് ആറ്റിറ്റ്യൂഡിന്റെ ഭാഗമായിതന്നെ കാണണം. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ പുതിയ ഒരു ധ്രുവീകരണം ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട ഒ.എൻ.വി. കുറുപ്പ് സാറിന്റെ ജന്മദിനത്തിൽ അദ്ദേഹത്തിന്റെ വസതിയിൽ ഒരുപാട് ആളുകൾ കൂടിച്ചേർന്നു. അതിൽ എല്ലാ രാഷ്ട്രീയപാർട്ടികളിലെയും ആളുകളുണ്ടായിരുന്നു. ശ്രീമതി സുഗതകുമാരി ടീച്ചറും ശ്രീ. അടൂർ ഗോപാലകൃഷ്ണനും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ആളുകളെല്ലാവരും ഉണ്ടായിരുന്നു. കേരളത്തിൽ അന്നത്തിനും വെള്ളത്തിനും വേണ്ടിയുള്ള ഒരു കൂട്ടായ്മ ഉണ്ടാക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. ജൂൺ മാസം 18-ാം തീയതി തിരുവനന്തപുരത്ത് രക്തസാക്ഷി മണ്ഡപത്തിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളിലെയും സാമൂഹിക രംഗത്തും സാംസ്കാരിക രംഗത്തും മാധ്യമ രംഗത്തും പ്രവർത്തിക്കുന്ന എല്ലാവരും ഒരുമിച്ച് ചേർന്നുകൊണ്ട്, ഏതെങ്കിലും പ്രത്യേകമായ സംഘടനയുടെയോ

ലേബലിന്റെയോ അടിസ്ഥാനത്തിലല്ല അന്നത്തിനും വെള്ളത്തിനുവേണ്ടിയുള്ള കൂട്ടായ്മയാണ്. ജീവൻ നിലനിർത്തേണ്ടതിന്റെ ഏറ്റവും അടിസ്ഥാന ഭാഗമാണ് ജലവും അന്നവും. ഇത് രണ്ടും സംരക്ഷിക്കപ്പെടേണ്ടത് ഭാവിക്ക് വേണ്ടിയുള്ള കരുതലാണ്. അതിനുവേണ്ടിയുള്ള വലിയ ഒരു കൂട്ടായ്മ ജനിക്കപ്പെടുകയാണ്. ആ കൂട്ടായ്മയാണ് നേരത്തേ ശ്രീ. പി. ഉബൈദുള്ളയും ശ്രീ. മോൻസ് ജോസഫും ശ്രീ. ബെന്നി ബെഹനാനും ശ്രീ. പാലോട് രവിയും ശ്രീ. വി.റ്റി. ബൽറാമും എല്ലാം ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ ജനങ്ങളുടെ മൈൻഡ്സെറ്റ് മാറ്റാൻ രാഷ്ട്രീയ നേതാക്കളുടെയും സമൂഹത്തിന്റെയും മൈൻഡ് സെറ്റ് റീസെറ്റ് ചെയ്യപ്പെടണം. അങ്ങനെ റീസെറ്റ് ചെയ്യപ്പെടുന്ന മൈൻഡ് സെറ്റുമായി സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി ഒന്നാക്കി മാറ്റുക. ലാഭമുണ്ടാക്കി പോക്കറ്റിൽ വയ്ക്കുക മാത്രമല്ല....... അവസാനത്തെ ചോദ്യം, ഇനി വഴങ്ങില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് ഇവിടെ പരിസ്ഥിതി സൗഹൃദ ബില്ലാണ് കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. മോൻസ് ജോസഫ് ഇവിടെ ഒരു കാര്യം പറയുകയുണ്ടായി. കുന്നുകളും മലകളുമൊക്കെ ഇടിച്ച് നിരത്തപ്പെടുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഉണ്ടാക്കിയതിന് എത്രയോ ലക്ഷം ടൺ മണ്ണും കല്ലുംവേണ്ടി വന്നു. വിഴിഞ്ഞം പദ്ധതി വരുന്നു. ഒരാൾക്ക് താമസിക്കാൻ 20000 സ്ക്വയർ ഫീറ്റുള്ള വീട് എറണാകുളത്ത് പണിതുകൊണ്ടിരിക്കുകയാണ്. രണ്ടാൾക്ക് താമസിക്കാൻ 15000 സ്ക്വയർ ഫീറ്റുള്ള വീടിന്റെ പണി പൂർത്തിയായി. എന്നുമാത്രമല്ല എറണാകുളം നഗരത്തിൽ മാത്രം രണ്ടായിരത്തോളം ഫ്ളാറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. നിർമ്മാണ മേഖലയ്ക്ക് വേണ്ടിയാണ് അമിതമായ ചൂഷണം നടക്കുന്നത്.

ഇതിന് എങ്ങനെയാണ് പരിഹാരം കാണുന്നത്. അതിന് വല്ല സജഷൻ അങ്ങയുടെ ബില്ലിലുണ്ടോ?

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഈ ചർച്ചയുടെ പ്രധാനപ്പെട്ട കാര്യം കേരളത്തിൽ ആകെ വേണ്ട പാർപ്പിട സൗകര്യത്തേക്കാൾ പത്ത് ശതമാന ത്തോളം പാർപ്പിടം എക്സസ്സായി കിടക്കുകയാണ്. പുതിയ കണക്ക് പ്രകാരം ഈ രീതിയിലാണ് നിർമ്മാണരീതി പോകുന്നതെങ്കിൽ കേരളത്തിൽ പത്തു വർഷത്തിനുള്ളിൽ ലക്ഷക്കണക്കിന് വീടുകൾ പണികഴിപ്പിച്ച് താമസിക്കാൻ ആളില്ലാതെ വെറുതെയിടേണ്ടി വരും. ശ്രീ. മോൻസ് ജോസഫ് പറഞ്ഞതു പോലെ വികസനത്തിന്റെ പേരുപറഞ്ഞ് നമ്മുടെ പാറകളും മരങ്ങളുമെല്ലാം വെട്ടുകയും കുന്നുകളിടിക്കുകയും ചെയ്യുന്ന രീതിക്ക് നിർബന്ധമായും അറുതിവരുത്തിയേ മതിയാകൂ. കോട്ടയം മെഡിക്കൽ കോളേജിൽ ഒരു ചെറിയ ബിൽഡിംഗ് പണിയുന്നതിനുവേണ്ടി അതിന്റെ ഗ്രൗണ്ടിലെ പ്രധാനപ്പെട്ട മരങ്ങൾ മുറിക്കാൻ തീരുമാനിച്ചിരിക്കുന്നത് എന്തൊരു ദയനീയമാണ്. മരങ്ങൾ മുറിക്കാതെതന്നെ അവിടെ കെട്ടിടം പണിയുന്നതിനുള്ള സൗകര്യമുണ്ട്. ഇതാണ് നമ്മുടെ സ്ഥിതി. കിട്ടുന്ന അവസരം മുഴുവൻ ഉപയോഗപ്പെടുത്തി കിട്ടാവുന്നതെല്ലാം വെട്ടി മാറ്റുക. അങ്ങനെയുള്ള അപകടകരമായ ഒരു സ്ഥിതിയിലേയ്ക്കാണ് നമ്മുടെ സംസ്ഥാനം പൊയ്ക്കൊണ്ടിരിക്കുന്നത്. വികസനത്തിന്റെ പേരിൽ ഒരു കാരണവശാലും നമ്മുടെ ഹരിതശോഭ നഷ്ടപ്പെടാതെ സംരക്ഷിക്കപ്പെടണം. കേരള സംസ്ഥാനത്തിനാകെ മാതൃക യാകുന്ന, അനുയോജ്യമായ ഒരു ഏകീകൃത പരിസ്ഥിതി സൗഹൃദ വികസന പരിപാലനനിയമം നിർബന്ധമായും വേണമെന്ന് വാശിപിടിക്കുന്നത് ഇതു കൊണ്ടാണ്. ഇത് കേരളത്തിൽ ഭാവി തലമുറയ്ക്കുവേണ്ടിയുള്ള ഒരു കരുതൽധനമെന്ന

നിലയിലുള്ള ആശയമാണ്. ഇതിനെ ആരും എതിർക്കാനിട യില്ല. അതുകൊണ്ട് നമ്മുടെയെല്ലാം mindset മാറട്ടെ; നമ്മുടെ മനസ്സിനകത്ത് കെട്ടിവച്ചിരിക്കുന്ന മതിലുകളെല്ലാം ഇടിച്ച് മാറ്റപ്പെടട്ടെ; നമ്മുടെ മനസ്സിനക ത്തുള്ള എല്ലാ വാതിലുകളും ജനലുകളുമെല്ലാം തുറന്നിടാനുള്ള അവസരം ഉണ്ടാകട്ടെ; ഗോദ്റേജിന്റെ പൂട്ടുകൾ വച്ച് പൂട്ടിയ മനസ്സെല്ലാം ഇനി വാതായനങ്ങളില്ലാത്ത മനസ്സുകളായി മാറട്ടെ; അതിനുവേണ്ടിയുള്ള ഒരു മാറ്റം നമ്മുടെ സമൂഹത്തിലുണ്ടാകണം. അതുകൊണ്ട് 18-ാം തീയതിയിലെ അന്നത്തിനും ജലത്തിനും വേണ്ടിയുള്ള കേരളത്തിന്റെ സാമൂഹ്യ കൂട്ടായ്മയിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ എല്ലാവരുടെയും മനസ്സുകൂടി അതിലേയ്ക്ക് സമർപ്പിക്കപ്പെടണം. ഒ.എൻ.വി. കുറുപ്പ് സാറാണ് അതിനുവേണ്ടി മുൻകൈ എടുത്തിരിക്കുന്നത്. നമ്മൾ എല്ലാവരും അതിന്റെകൂടെ നിൽക്കണം. അങ്ങനെ കേരളത്തിലെ ഭരണ കക്ഷികളുടെയും പ്രതിപക്ഷത്തിന്റെയുമൊക്കെ മനസ്സ് മാറാൻ വേണ്ടിയുള്ള ആദ്യത്തെ ഒരു കൂട്ടായ്മയുടെ യജ്ഞമാണ് ഈ വരുന്ന 18-ാം തീയതിയിലെ അന്നത്തിനും ജലത്തിനും വേണ്ടിയുള്ള കൂട്ടായ്മ. അതുകൊണ്ട് ഈ ബില്ലിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫാണ് മറുപടി പറയേണ്ടത്. ശ്രീ. കെ. സി. ജോസഫ് വളരെ സാത്വികനും ശാന്തനുമാണ്. ഇത്തരം കാര്യങ്ങ ളിൽ, ഒരു കാരണവശാലും മണ്ണിടിക്കാനും കുന്നിടിക്കാനും മലയിടിക്കാനും കൂട്ടുനിൽക്കാത്ത ആളാണ്. ശ്രീ. കെ.സി. ജോസഫിന്റെ പൊതുജീവിതം ഞങ്ങളെപ്പോലുള്ള ആളുകൾ സ്കൂൾ കുട്ടികളായിരിക്കുന്ന കാലം മുതൽ കണ്ടുവരുന്നതാണ്. അതുകൊണ്ട് അദ്ദേഹം ഈ ബില്ലിനെ kill ചെയ്യുകയില്ലായെന്ന് വിശ്വസിക്കുകയാണ്. ഇങ്ങനെ ചെയ്യാൻ അങ്ങയുടെ

മനസ്സ് ഒരിക്കലും സമ്മതിക്കാനിടയില്ല. അതുകൊണ്ട് സ്വാഭാവികമായും ശ്രീ. കെ. സി. ജോസഫിനെപ്പോലുള്ള ഒരാൾ ഈ ബില്ലിനെ സ്വീകരിക്കുന്ന ഒരു സമീപനമാവും എടുക്കുന്നത് എന്ന് വിശ്വസിക്കുന്നു. ശ്രീ. ഉമ്മൻ ചാണ്ടി യുടെ ഭരണത്തിന്റെ ആർദ്രതയുടെ മുഖമാണ് ഈ ബിൽ എന്നുകൂടി അങ്ങയെ ഓർമ്മിപ്പിച്ചുകൊണ്ട് നിയമസഭ ഈ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് പരമ സാത്വികനാണ്. പക്ഷേ ഗവൺമെന്റിന്റെ പ്രതിനിധിയാണ്.

ശ്രീ. ടി.എൻ. പ്രതാപൻ: സർ, അധികാരത്തിൽ വരിക എന്നുള്ളത്, നമ്മുടെ മനസ്സിലുള്ള സ്വപ്നങ്ങളും സങ്കൽപ്പങ്ങളും യാഥാർത്ഥ്യമാക്കാൻ വേണ്ടി കിട്ടുന്ന അവസരമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ.സി. ജോസഫ് അതൊരിക്കലും ബലികഴിക്കുന്ന ആളല്ല. സ്ഥാനത്തിനുവേണ്ടി തന്റെ വിശ്വാസ പ്രമാണങ്ങളെ ഒരിക്കലും ബലികഴിക്കാത്ത ആളാണ് അദ്ദേഹം. അതുകൊണ്ട് ശ്രീ. കെ.സി. ജോസഫിനെ നമുക്ക് ആ രീതിയിൽത്തന്നെ കാണാം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, 2012-ലെ കേരള പരിസ്ഥിതി സൗഹൃദ വികസന ബില്ലിനെ സംബന്ധിച്ച ചർച്ചകൾ വളരെയേറെ ഫലപ്രദ മായിരുന്നു. ആനുകാലികമായ വിഷയങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യ പ്പെട്ടു. ശ്രീ. റ്റി.എൻ. പ്രതാപനും ചർച്ചയിൽ പങ്കെടുത്ത മറ്റ് ആളുകളും ഇന്ന് കേരളം നേരിടുന്ന ഗൗരവമായ പ്രശ്നങ്ങളാണ് ഉന്നയിച്ചത്. കേരളത്തിലെ സ്വാഭാവികമായ ജലസ്രോതസ്സുകൾ, തണ്ണീർത്തടങ്ങൾ, ചതുപ്പുകൾ, പാടശേ

ഖരങ്ങൾ, തോടുകൾ മുതലായ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ പരിരക്ഷിക്കാനുള്ള വികസന പ്രവർത്തനങ്ങൾ ഏകീകരിക്കാൻ വേണ്ടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേരളനിയമസഭ നേരത്തെ പാസ്സാക്കിയ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - 2008 പ്രകാരം ജലാശയങ്ങളുടെ പാരിസ്ഥിതിക സംരക്ഷണത്തിനായുള്ള വ്യവസ്ഥകൾ നമ്മൾ അംഗീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും സംരക്ഷിക്കാൻ വേണ്ടി ഈ നിയമത്തിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലാണ് ഈ പരിസ്ഥിതി നിയമം വരുന്നത്. വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം പോലുള്ള വൻകിട വികസന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദമില്ലാതെ ഒരു വൻകിട വികസനപദ്ധതിയും ആവിഷ്കരിക്കാൻ സാധ്യമല്ല. സൈലന്റ്‌വാലി പദ്ധതിയുടെ അനുഭവം നമുക്ക് അറിയാവുന്നതാണ്. വൻകിട പദ്ധതികൾക്കെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുള്ളതുകൊണ്ട് വ്യാപകമായ പരിസ്ഥിതി സംരക്ഷണ വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മുൻകൂർ അനുമതി ആവശ്യമില്ലാത്ത പദ്ധതികളുടെ കാര്യത്തിൽ സർക്കാർ അനുമതി നൽകുമ്പോൾ കേന്ദ്രപരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ആറ്റുമണൽ വാരൽ, കരമണൽ ഖനനം, പാറഖനനം, തണ്ണീർത്തടങ്ങൾ കയ്യേറൽ, ജലാശയങ്ങൾ നികത്തൽ, നെൽവലുകൾ നികത്തൽ, പുഴകളും ജലാശയങ്ങളും മലിനപ്പെടുത്തൽ, വായു മലിനീകരണം, ശബ്ദശല്യം, ബഹുജനവാസ ഗൃഹസമുച്ചയങ്ങൾ ഉണ്ടാക്കുന്ന മലിനീക

രണം മുതലായവയുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ സംവിധാനങ്ങൾ ഇല്ലെന്നുള്ളത് പോരായ്മയാണ്. എങ്കിലും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ മാനേജിംഗ് കമ്മിറ്റി (ബി.എം.സി.) നിലവിലുണ്ട്. പഞ്ചായത്തുകളിലെ പാരിസ്ഥിതികമായ പ്രശ്നങ്ങൾക്ക് ബി.എം.സി. യുടെ അനുവാദം വേണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിലവിൽ പരിസ്ഥിതി വകുപ്പ് പ്രവർത്തിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. റ്റി.എൻ. പ്രതാപൻ ഉന്നയിച്ച വിഷയങ്ങൾ പ്രസക്തവും കാലികവുമാണ്. തീർച്ചയായും ഒരു ഇക്കോ ഫ്രണ്ട്ലി ഡവലപ്മെന്റ് പോളിസി മാത്രമെ എടുക്കാൻ സാധിക്കുകയുള്ളു. നിരവധി പാർപ്പിട സമുച്ചയങ്ങൾ ഒഴിയുന്നതായി അദ്ദേഹം ഇവിടെ പറഞ്ഞു. ശ്രീ.സണ്ണി ജോസഫും ശ്രീ.ബെന്നി ബെഹനാനുമടക്കം ഞങ്ങൾ ചൈനയിൽ പോയിരുന്നു. അവിടെയും ഇത് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ വ്യാപകമായി ഫ്ളാറ്റുകൾ കെട്ടുന്നു, എല്ലാം ഗോസ്റ്റ് ഹൗസുകളാണ്, താമസിക്കാൻ ആളില്ല. അതേ അനുഭവം കേരളത്തിലും ഉണ്ടാകാൻ പോവുകയാണ്. അതുകൊണ്ട് നിയന്ത്രണം ആവശ്യമായ മേഖലയാണ് ഇതെന്ന ബോധം ഗവൺമെന്റിനുണ്ട്. തീർച്ചയായും ഈ കാര്യങ്ങളെല്ലാം സംസ്ഥാന പരിസ്ഥിതി വകുപ്പ് ഗൗരവമായി കണക്കിലെടുക്കും. പക്ഷേ, ഈ ആവശ്യങ്ങൾക്കുവേണ്ടി പ്രത്യേകമായി ഒരു പരിസ്ഥിതി സൗഹൃദ വികസന ബോർഡ് ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ കാഴ്ച്ചപ്പാട്. ഈ ബില്ലിൽ പ്രധാനമായി ഉന്നയിച്ചിരിക്കുന്നത് പ്രത്യേകമായി ബോർഡ് വേണമെന്നാണ്. അങ്ങനെ പ്രത്യേകം ബോർഡിന്റെ ആവശ്യമില്ല. നിലവിലുള്ള കേന്ദ്ര നിയമങ്ങളും സംസ്ഥാന നിയമങ്ങളും പരിസ്ഥിതി സംരക്ഷിക്കാൻ ഉതകുന്ന

താണ്. തീർച്ചയായും ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായി കണക്കിലെടുക്കുകയും വികസന ആവശ്യങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾക്ക് അംഗീകാരം കൊടുക്കുമ്പോൾ ബില്ലിലെ കാര്യങ്ങൾ പരിഗണിക്കുന്നതിന് പരിസ്ഥിതി വകുപ്പിന് നിർദ്ദേശം കൊടുക്കുമെന്നും അറിയിക്കുന്നു. ഈ ബിൽ പ്രസ്സ് ചെയ്യരുതെന്ന് അപേക്ഷിക്കുകയാണ്. അദ്ദേഹം പറഞ്ഞതെല്ലാം ഗൗരവമായ വിഷയങ്ങളാണ്. ഇന്ന് പരിസ്ഥിതി വകുപ്പ് സംസ്ഥാനത്ത് നിലവിലുണ്ട്. എന്നാൽ പരിസ്ഥിതി നിയമമുണ്ടാക്കാനുള്ള അവകാശം നിയമസഭയ്ക്കില്ല. കാരണം പരിസ്ഥിതി ഒരു കേന്ദ്രവകുപ്പാണ്. കേന്ദ്ര ഗവൺമെന്റ് നിയമം നിലവിലുണ്ട്. കേരളത്തിൽ ആരംഭിക്കുന്ന വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ എല്ലാ പദ്ധതികൾക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ക്ലിയറൻസ് വേണം. ആ സാഹചര്യത്തിൽ പ്രത്യേകമായ പരിസ്ഥിതി ബോർഡിന്റെ ആവശ്യമില്ല. അദ്ദേഹം ഉന്നയിച്ച ആവശ്യങ്ങളിൽ ഗവൺമെന്റിന് വിയോജിപ്പില്ല. തീർച്ചയായും ഈ ആവശ്യങ്ങൾ ഗൗരവമായി എടുക്കുമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. പ്രത്യേകമായി ബോർഡുണ്ടാക്കാൻ ഗവൺമെന്റിന് ചില പരിമിതികളുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയുടെ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. അങ്ങ് ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ബഹുമാനപ്പെട്ട ശ്രീ. കെ.സി. ജോസഫ് ഇതിലെ സ്പിരിറ്റ് നൂറുശതമാനം ഉൾക്കൊണ്ടുകൊണ്ട് ഇനിയുണ്ടാകുന്ന എല്ലാ വികസനങ്ങളിലും പരിസ്ഥിതി സൗഹൃദമല്ലാത്ത ഒരു വികസനവും നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ ഗവൺമെന്റ് സമ്മതിക്കില്ലായെന്ന് സഭയിൽ മറുപടി നൽകി. ഏത് വിമാനത്താവളവും മാളുകളും ഏത് പുതിയ

സംരംഭങ്ങളും വരുമ്പോഴും പരിസ്ഥിതിക്ക് കോട്ടമുണ്ടാക്കുന്നതൊന്നും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ലെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ സഭയിൽ നൽകിയ ഉറപ്പ് പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് ബിൽ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ബിൽ പിൻവലിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് 12.08-ന് പിരിഞ്ഞു.)

*****